# വേദാഭിമാനി

Vol.17 | No.10 | കാർത്തികപ്പള്ളി | R.No. 7361/02 | 2017 OCTOBER

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com

## നായയുടെ രാജയോഗം



കഴിഞ്ഞ ഫെബ്രുവരിയിലെ ഒരു പ്രഭാതം. കൊച്ചിയിലെ ഒരു തെരുവുനായ്ക്കു രാജയോഗം ഉദിച്ചുയർന്നത് അന്നാണ്. ഏതു നായയ്ക്കും ഒരു ദിവസമുണ്ടെന്ന ചൊല്ല് അന്വർഥമായത് യുക്രെയിൻ ദമ്പതികളായ യൂജിൻ പീറ്ററസിന്റെയും ക്രിസ്റ്റീന മസലോവയുടെയും വരവോടെയാണ്.

ഫോർട്ടുകൊച്ചിയിലെ തെരുവിൽ ജീവൻ പൊലിയാറായി കിടന്ന നായ്ക്കുട്ടിയുടെ രോദനം ഇവരുടെ കരളലിയിച്ചു. പിന്നെയൊന്നും ആലോചിച്ചില്ല. പാതിയടഞ്ഞ കണ്ണുമായി കരഞ്ഞു തളർന്നു കിടന്ന അവനെയങ്ങു ദത്തെടുത്തു. മെലിഞ്ഞുണങ്ങിയ വയറും ഗോതമ്പിന്റെ നിറവുമുള്ള അവനു



യൂജിനും ക്രിസ്റ്റീനയും തങ്ങളുടെ പ്രിയപ്പെട്ട ഇന്ത്യൻ ഭക്ഷണമായ 'ചപ്പാത്തി' യുടെ പേരുമിട്ടു.

പിന്നെ ജീവൻ നിലനിർത്താനുള്ള ഓട്ടമായി. ആദ്യം ധാരാളം വെള്ളം നൽകി. കൈക്കുഞ്ഞിനെയെന്നപോലെ തോർത്തിൽ പൊതിഞ്ഞെടുത്തു. ഒടുവിൽ ആളൊന്നുഷാറായപ്പോൾ ദേഹം മുഴുവൻ ചെള്ളു പെരുകി. പിന്നെ മൃഗാശുപത്രികളികളിൽ കയറിയിറങ്ങി. പലവിധ മരുന്നുകൾ പരീക്ഷിച്ചു. ചെള്ളും ചൊറിച്ചിലും മാറ്റിയെടുത്തു. നിത്യേന തെരുവുനായ്ക്കൾ പെറ്റുപെരുകി വഴിനടക്കാൻപോലും കഴിയാതായ കൊച്ചുകേരളത്തിൽനിന്നു കണ്ടെടുത്ത ചപ്പാത്തിക്കിന്നു ലക്ഷക്കണക്കിന് ആരാധകരുണ്ട്. ഫിലിപ്പീൻസ് ഉൾപ്പെടെ അഞ്ചു രാജ്യങ്ങൾ ചപ്പാത്തി കണ്ടുകഴിഞ്ഞു. ഈ യാത്രാവിശേഷങ്ങൾ പങ്കുവയ്ക്കാൻ ലക്ഷക്കണക്കിന് ആളുകൾ പിന്തുടരുന്ന ഫേസ്ബുക്ക് പേജും ഇൻസ്റ്റാഗ്രാം അക്കൗണ്ടും അവനുണ്ട്. നിലവിൽ ഫിലിപ്പീൻസിൽ വേനൽ ആഘോഷിക്കുന്ന ചപ്പാത്തി, യുജിനും ക്രിസ്റ്റീനയ്ക്കും ഒപ്പം അവരുടെ സുഹൃത്തിന്റെ കല്യാണം കൂടാൻ യുക്രെയ്നിലേക്കു പോകാനുള്ള ഒരുക്കത്തിലാണ്.

## ചോറ് വേണ്ട, വൈദ്യുതി മതി!



ഇനി സൗരോർജത്തെ "ഭക്ഷണ"മാക്കി മാറ്റാം. ഫിൻലൻഡിലെ വി.ടി.ടി. ടെക്നിക്കൽ റിസർച്ച് സെന്ററിലെ ശാസ്ത്രജ്ഞരാണ് ''പ്രോട്ടീൻ റിയാക്ടറുകൾ''ക്കു പിന്നിൽ. വൈദ്യുതി, കാർബൺഡയോക്സൈഡ്, വെള്ളം എന്നിവ ഉപയോഗിച്ചാണ് ഭക്ഷണം ഉണ്ടാക്കുന്നത്.

ഈ സംയുക്തത്തെ വൈദ്യുതി വിശ്ലേഷണത്തിന് വിധേയമാക്കും. വൈദ്യുതി കടന്നുപോകുന്നതോടെ സംയുക്തത്തിലെ ചില തന്മാത്രകൾ വിഘടിക്കും. ഇത് അടിസ്ഥാന ഭക്ഷണത്തിനു തുല്യമായ ഖരരൂപത്തിലുള്ള വസ്തുവായി മാറും. ഒരു സ്പൂൺ പ്രോട്ടീനാണ് ഈ രീതിയിൽ ശാസ്ത്രജ്ഞർ സൃഷ്ടിച്ചത്. ഭാവിയിൽ ഇങ്ങനെ വൻതോതിൽ ഭക്ഷണമുണ്ടാക്കാൻ കഴിയുമെന്നാണ് ശാസ്ത്രജ്ഞരുടെ പ്രതീക്ഷ.

## അടിതെറ്റിയാൽ റോബോട്ടും വീഴും



വിവിധ ആവശ്യങ്ങൾക്കായി റോബോട്ടുകളെ ഉപയോഗിക്കുന്നത് ഇപ്പോൾ സർവസാധാരണമാണ്. അവ മനുഷ്യനേക്കാൾ കൃത്യമായി ജോലിചെയ്യുന്നു എന്നാണ് പൊതുവേയുള്ള ധാരണ.

എന്നാൽ മനുഷ്യർക്ക് പറ്റുന്ന അബദ്ധങ്ങളൊക്കെ അവയ്ക്കും പറ്റും എന്ന് തെളിയിച്ചിരിക്കുകയാണ് അമേരിക്കയിലെ വാഷിംഗ്ടണിലുള്ള ഒരു റോബോട്ട്. ഇവിടെയുള്ള ഒരു ഓഫീസിന്റെ സുരക്ഷാചുമതല ഈ റോബോട്ടിനായിരുന്നു. സുരക്ഷാ പരിശോധനയുടെ ഭാഗമായി പട്രോളിംഗ് നടത്തിക്കൊണ്ടിരുന്ന റോബോട്ട് കാലുതെറ്റി സമീപത്തെ കുളത്തിൽ വീണു. വീഴ്ചയിൽ റോബോട്ടിന്റെ അവയവങ്ങൾ പരസ്പരം വിട്ടുപോയി. സിലിക്കൺവാലിയിലുള്ള നൈറ്റ്സ്കോപ്പ് എന്ന കമ്പനിയാണ് റോബോട്ടിനെ നിർമിച്ചത്. റോബോട്ടിന്റെ അകാലത്തിലുള്ള ദാരുണ അന്ത്യം ഒറ്റപ്പെട്ട സംഭവമാണെന്നും ഉടൻതന്നെ മറ്റൊരു റോബോട്ടിനെ ജോലിക്കായി നിയോഗിക്കുമെന്നും കമ്പനി അറിയിച്ചു.


## ഈ വെള്ളിമെഡൽ തങ്കമാണ്!



യുദ്ധദുരിതങ്ങളും അധികൃതരുടെ അവഗണനയും താണ്ടി അവർ വിജയത്തിലേക്ക്... ആറുപേരടങ്ങുന്ന അഫ്ഗാൻ വിദ്യാർത്ഥി സംഘമാണ് നിശ്ചയദാർഢ്യത്തിലൂടെ അമേരിക്കയിൽ നടന്ന അന്താരാഷ്ട്ര റോബോട്ടിക് കോമ്പറ്റീഷനിൽ വെള്ളിമെഡൽ നേടിയത്.

യുദ്ധബാധിത മേഖലകളിലൂടെ 800 കിലോമീറ്ററുകളോളം സാഹസികയാത്ര നടത്തിയാണ് വിദ്യാർത്ഥികൾ കാബൂളിലെ അമേരിക്കൻ എംബസിയിലെത്തിയത്. എന്നാൽ, സാങ്കേതിക കാര്യങ്ങൾ ചൂണ്ടിക്കാട്ടി അധികൃതർ വീസ നിഷേധിക്കുകയാണ് ചെയ്തത്. മാതാപിതാക്കൾ ഉൾപ്പെടെയുള്ളവർ നിരുത്സാഹപ്പെടുത്തിയിട്ടും പിന്മാറാൻ വിദ്യാർത്ഥികൾ തയാറായിരുന്നില്ല. അടുത്തയാഴ്ചതന്നെ വീണ്ടും സാഹസികയാത്ര നടത്തി എംബസിയിലെത്തി വിദ്യാർത്ഥികൾ വീസ നേടിയെടുക്കുകയായിരുന്നു. 150 രാജ്യങ്ങളിൽനിന്നുള്ള വിദ്യാർത്ഥികളോടു മത്സരിച്ചാണ് ഈ വിദ്യാർത്ഥികൾ വെള്ളിമെഡൽ സ്വന്തമാക്കിയത്.

## വേവ് റോക്ക്



തിരമാലകളുടെയും ഓളങ്ങളുടെയും ആകൃതിയിലുള്ള പാറക്കെട്ടുകൾ-അതാണ് വേവ് റോക്ക് എന്ന അത്ഭുത പ്രതിഭാസം. ഓസ്ട്രേലിയയിലെ ഹൈഡനിലാണ് ഈ രസികൻ പാറ ഉള്ളത്. 14 മീറ്റർ ഉയരവും 110 മീറ്റർ നീളവും ഉള്ള ഇവയിൽ കയറിപ്പറ്റാൻ സഞ്ചാരികൾ ശ്രമിക്കാറുണ്ട്.

പലനിറങ്ങൾ കലർന്ന ഗ്രാനൈറ്റ് പാറകളാണ് ഇവ. ദശലക്ഷക്കണക്കിനു വർഷങ്ങൾക്ക് മുൻപാണ് ഇവ രൂപപ്പെട്ടത്.

ഓസ്ട്രേലിയയിലെ ആദിമനിവാസികളായ ബല്ലാഡോങ്ങുകളുടെ നാട്ടിലാണ് ഈ പാറ ഉള്ളത്.


### വേദാഭിമാനി

സ്വാർത്ഥ-സംഘടനാ താൽപര്യങ്ങളില്ലാത്ത, നിർബന്ധിത വരിസംഖ്യാ പിരുവുകളില്ലാത്ത, പരസ്യമുക്തമായ, 17 വർഷമായി മുടക്കം കൂടാതെ പ്രസിദ്ധീകരിക്കുന്ന, പഠനത്തിലൂടെയും അനുഭവത്തിലൂടെയും സത്യം എന്ന് ബോധ്യപ്പെടുന്ന യാഥാർത്ഥ്യങ്ങൾ മാത്രം പ്രസിദ്ധീകരിക്കുന്ന, വിജ്ഞാനദാഹിക്കും, സത്യാന്വേഷിക്കും അറിവ് പകർന്നു നൽകുന്ന, വായനക്കാരുടെ ചോദ്യങ്ങൾക്ക് ആധികാരികമായി മറുപടി നൽകുന്ന ഏക ക്രൈസ്തവ വിജ്ഞാന പത്രം. വായിക്കുക-പ്രതികരിക്കുക

Contact Us
Call Us: 9847232598
Write To Us: vedabhimani@gmail.com
SMS: VEDABHIMANI 9847990939
Visit Us: vedabhimani.com


## ഗൂഗിൾ കൊതുക്



കൊതുക് നശീകരണം ലക്ഷ്യമിട്ട് ബാക്ടീരിയ ബാധിതരായ രണ്ട് കോടി കൊതുകുകളെ ഗൂഗിൾ പുറത്തിറക്കും. ഗൂഗിളിന്റെ സഹോദര സ്ഥാപനമായ വേർലി ലൈഫ് സയൻസ് ആണു പദ്ധതിക്കു പിന്നിൽ. വോബാക്കിയ എന്ന ബാക്ടീരിയയെ ആൺകൊതുകുകളിൽ കടത്തിവിട്ടശേഷമാണു അവയെ തുറന്നുവിടുന്നത്.

സിക, ഡെങ്കി വൈറസുകൾ പരത്തുന്ന എയ്ഡീസ് ഈജിപ്തി കൊതുകുകളാണു ഗൂഗിളിന്റെ ലക്ഷ്യം. ഇതു ബാധിക്കുന്ന കൊതുകുകളുടെ ബീജം ഉൾക്കൊള്ളുന്ന മുട്ടകൾ വിരിയില്ല. കൂടുതൽ കൊതുകുകളിലേക്കു ബാക്ടീരിയ പകർത്തി കൊതുകുകളുടെ വംശവർധന തടയുകയാണു ലക്ഷ്യം.


### അറിയാനും പറയാനും

ദൈവം സത്യമോ, മിഥ്യയോ? പ്രപഞ്ചം ദൈവം സൃഷ്ടിച്ചു എന്നതിന് എന്താണ് തെളിവ്? ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തെ ബാധിക്കുന്നതെങ്ങനെ? മരണാനന്തര ജീവിതത്തിന് എന്ത് സാധ്യത? എന്തു യുക്തി? ആധുനീകയുഗത്തിൽ ബൈബിളിന് എന്ത് ആധികാരികതയും പ്രസക്തിയുമാണുള്ളത്? യേശു ദൈവമാകുന്നതെങ്ങനെ? ഇങ്ങനെയുള്ള ബൈബിൾ വിമർശകരുടെ ചോദ്യങ്ങളെ നേരിടാനും മറുപടി പറയാനും വായനക്കാരെ ഞങ്ങൾ പ്രാപ്തരാക്കുന്നു. ആവശ്യകത ബോദ്ധ്യപ്പെടുന്നവർ മാത്രം ബന്ധപ്പെടുക.


ടൈറ്റസ് കാർത്തികപ്പള്ളി
കേരള - 690516

9847232598
vedabhimani@gmail.com



| ചെയർമാൻ | ഡിറക്ടർ | വേദാഭിമാനി | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി. എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs. 150 മറ്റ് രാജ്യങ്ങൾ - Rs. 2000 | വേദാഭിമാനി, കേരള 690516 |

# ബോധമില്ലാത്ത ജനവും ബോധിച്ചതുപോലെ നടക്കുന്ന പുരോഹിത രാജാക്കന്മാരും



ന്യായാധിപന്മാർ 17 മുതൽ 21 വരെയുള്ള അദ്ധ്യായങ്ങളിൽ യിസ്രായേല്യരുടെ വിഗ്രഹാരാധന, ദുർമാർഗ്ഗം, യുദ്ധങ്ങൾ എന്നിവയെക്കുറിച്ച് വായിക്കുന്നു. തന്നെ പ്രതിനിധീകരിക്കുവാൻ ദൈവം തെരഞ്ഞെടുത്ത ഒരു രാഷ്ട്രത്തിന്റെ അധഃപതിച്ച അവസ്ഥയാണ് ഇവിടെ വെളിപ്പെടുന്നത്. സോദോമിന്റെയും ഗോമോറയുടെയും നിലവാരത്തിലേക്ക് അത് താഴ്ന്നിരുന്നു.

ന്യായാധിപന്മാർ 17:7–13ൽ പൗരോഹിത്യം തൊഴിലായി സ്വീകരിച്ച് എവിടെ തനിക്കു നല്ല ശമ്പളവും മറ്റു സൗകര്യങ്ങളും ലഭിക്കുമോ അവിടെ പോകാൻ തയ്യാറുള്ള ഒരുവനെ നാം കാണുന്നു. ഇന്ന് എവിടെ നോക്കിയാലും ഇതുപോലെയുള്ളവരെ കാണുവാൻ കഴിയും. ഏറ്റവും കൂടുതൽ സൗകര്യം വാഗ്ദാനം ചെയ്യുന്നവർക്ക് പുരോഹിതനായി ശുശ്രൂഷ ചെയ്യുവാൻ താൽപര്യമുള്ള ഒരു ലേവ്യനെയാണ് ഇവിടെ കാണുന്നത്. ഒരു വ്യാപാരി വന്നു നല്ല ശമ്പളവും എല്ലാ വർഷവും ഒരു ജോഡി പുതിയ വസ്ത്രവും സൗജന്യ താമസസൗകര്യവും വാഗ്ദാനം ചെയ്തു. ലേവ്യൻ ഉടനെ അവനുമായി കരാർ ഒപ്പിട്ടു. ലേവ്യനായ ഒരുവനെ ശമ്പളം കൊടുത്തു കൂടെ നിർത്തിയിരിക്കുന്നതു കൊണ്ട് ദൈവം ഇപ്പോൾ ധാരാളമായി തന്നെ അനുഗ്രഹിക്കും എന്ന് ആ വ്യാപാരി കരുതി. നാം ഇന്ന് കാണുന്നതുമായി എത്ര ചേർന്നിരിക്കുന്നു ഈ കാര്യങ്ങൾ! ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ പോലെ നമുക്ക് തോന്നും. ഇത്തരമൊരു ദയനീയ അവസ്ഥയ്ക്ക് കാരണം ഈ സംഭവങ്ങൾ വിശദീകരിക്കുന്നതിനു തൊട്ടുമുമ്പുള്ള വാക്യത്തിൽ കാണുന്നു. 'ഓരോരുത്തൻ ബോധിച്ചതു പോലെ നടന്നു" (17:6).



ന്യായാധിപന്മാരുടെ കാലഘട്ടത്തിലെ അവസ്ഥ മുഴുവൻ വ്യക്തമാക്കുന്നതാണ് ഈ വാക്യം. അതുകൊണ്ടു തന്നെ ഏറ്റവും അനുയോജ്യമായി, ന്യായാധിപന്മാരുടെ പുസ്തകത്തിൽ അവസാന വാചകമായി ഈ വാക്യം വീണ്ടും ആവർത്തിക്കുന്നു. "ആ കാലത്ത് യിസ്രായേലിൽ രാജാവില്ലായിരുന്നു. ഓരോരുത്തൻ തനിക്കു ബോധിച്ചതുപോലെ നടന്നു" (ന്യായാ. 21:25).

ആ നാളുകളിൽ യിസ്രായേല്യർ ആ വിധമാണ് ജീവിച്ചത്. ഈ കാലഘട്ടിൽ ആത്മീയർ എന്നു പറയുന്നവരും അങ്ങനെതന്നെയാണ് ജീവിക്കുന്നതും. യേശു അവരുടെ ജീവിതത്തിൽ രാജാവല്ല. അതിനാൽ അവർ ബോധിച്ചതുപോലെ നടക്കുന്നു. അവർക്ക് ബോധിച്ചതുപോലെ പണം ചിലവഴിക്കുന്നു. അവർക്ക് ബോധിച്ചതുപോലെ ജീവിക്കുന്നു. പ്രസംഗകർ കൂടുതൽ വരുമാനമുള്ളയിടത്തേക്ക് പോകുന്നു. ദൈവഹിതത്തെകുറിച്ചോ, അവരെക്കുറിച്ചുള്ള ദൈവത്തിന്റെ തികവുള്ള പദ്ധതിയെക്കുറിച്ചോ ഒരു ധാരണയുമില്ലാതെ ജീവിക്കുന്നു.

ആദിമ നൂറ്റാണ്ടിൽ അപ്പോസ്തലന്മാർ പ്രാർത്ഥനയിലും, വചനശുശ്രൂഷയിലും ഉറ്റിരുന്നു. അതായിരുന്നു അവരുടെ വിളി. അവരാരും പണം പിരിച്ചില്ല. കെട്ടിടം പണിതില്ല, ഭൗതിക കാര്യങ്ങൾ ചെയ്യുവാൻ ആത്മാവും ജ്ഞാനവും സാക്ഷ്യവും ഉള്ള സഹോദരന്മാരെ ഏല്പിച്ചു. ആധാരം പണയം വച്ചില്ല. അവരാരും സിനിമാതാരത്തിനൊപ്പം പടമെടുക്കാൻ പോസ് ചെയ്തില്ല. അവർക്കു ലക്ഷ്യം സഭാ വളർച്ചയായിരുന്നു. എന്നാൽ നീരുവെച്ചു ചീർക്കുന്ന വളർച്ചയല്ല താനും.

ഇന്നു കാലം മാറി. ഒരു വാക്യം വായിച്ച് 5 മിനിറ്റു കാര്യമാത്രപ്രസക്തമായി പ്രസംഗിക്കാനറിയാത്തവരും, ഉപവാസം 40 ദിവസം കഴിയുമ്പോൾ 15 കിലോ തടി കൂടുന്ന വ്യാജ പ്രാർത്ഥനാ വീരന്മാരും, പൗവറും വിഷനും നഷ്ടപ്പെട്ട കാര്യദർശികളും സഭയെ മുടിക്കുകയാണ്. കുഷ്ടം ബാധിച്ചിട്ടും രാജകസേരയിൽ അള്ളി പിടിച്ചിരിക്കുന്ന ഉസ്സിയാവുമാരെ ഓർത്ത് കരയാം.

കേരളത്തിൽ കുറെ നാൾ മുമ്പ് ഒരു ഉപവാസം പ്രഖ്യാപിച്ചു. ശുശ്രൂഷകന്മാർ അപകടത്തിൽ മരിക്കുന്നത് തടയാനായിരുന്നു പ്രാർത്ഥന. മൂന്ന് ദിവസം പ്രാർത്ഥിച്ചപ്പോൾ പാസ്റ്റർ ബൈക്കപകടത്തിൽ മരിച്ചു. വിധവയും രണ്ടു മക്കളും പട്ടിണി കിടക്കുന്നു. ദൈവം ഇവരുടെ ഉപവാസത്തിൽ പ്രസാദിച്ചല്ലോ? അടുത്ത ഉപവാസത്തിന് പുല്ലാട് റോഡിലെ അപകടം വരുത്തുന്ന യക്ഷിയെ പിടിച്ചുകെട്ടി. ഇപ്പോൾ രാത്രിയിൽ വഴിയിലോട്ട് ഇറങ്ങണ്ട. വികസനം നടത്തി സഭയുടെ ആധാരം ബാങ്കിൽ പണയം വച്ചു ഒരു കോടി അറുപതുലക്ഷം കടം വാങ്ങി. ഇപ്പോൾ പലിശ കൊടുക്കാൻ കാശില്ലാതായതുമൂലം ട്രഷറാർ അടുത്ത ആധാരം തപ്പിനടക്കുന്നു. അനീതിക്കും അഴിമതിക്കും എതിരെ മിണ്ടുന്നവരെയെല്ലാം സഭാ വിരുദ്ധരായി പ്രഖ്യാപിച്ചു പടിയടച്ചു പിണ്ഡം വച്ചു പുറത്താക്കുന്നു.

ശവമടക്കും കല്യാണവും ഒഡിനേഷനും നടത്തി പഴഞ്ചൻ നേതാക്കന്മാർ പണംവാരി നടക്കുമ്പോൾ, ന്യൂജൻ ഗ്രൂപ്പുകാർ പുതിയ ഉപദേശം പഠിപ്പിക്കുകയാണ്. രക്ഷിക്കപ്പെട്ടാൽ പിന്നെ എങ്ങനെ ജീവിച്ചാലും കുഴപ്പമില്ല പോലും... യേശു ജനങ്ങളുടെ ഇടയിൽ ഇറങ്ങിയതുപോലെ നമ്മളും ലോകക്കാരോടൊപ്പം ഇറങ്ങണം പോലും. യേശു ശമര്യാക്കാരിയുടെ ആറാം നിക്കാഹ് നടത്താനല്ല ശമര്യയിൽ പോയത് സഖായിയുടെ വീട്ടിൽ പോയത് അദ്ദേഹത്തിന്റെ ചായക്കട നിലവിളക്കു കൊളുത്തി ഉദ്ഘാടിക്കാനല്ല. വാഴക്കുളം ചന്തപോലെയായി ആത്മീയ പ്രസ്ഥാനങ്ങൾ. ഗുണ്ടകളും മാഫിയാ തലവന്മാരും വിലയേറിയ വിശുദ്ധ ശ്രേഷ്ഠ രാജാക്കന്മാരായി വാഴുന്നു. ക്രിമിനൽ ഫോറൻസിക് വ്യഭിചാരി വ്യാജപ്രവചനാത്ഭുതങ്ങൾ നടത്തി വിശ്വാസ വഞ്ചനയിലൂടെ ജനമനസുകൾ കീഴടക്കി മുന്നേറുന്നു. പ്രശസ്ത സുന്ദരദാസന്മാർ സുന്ദരിമാരെ കീഴടക്കുന്നു. ചില ബാധകൾ ഒഴിയാബാധകളായി മാറുന്നു. മാജിക്കുകാരും നാലാം വേദക്കാരും കൃപാവരപ്രാപ്തരായി വിലസുന്നു. ചോദിക്കാനും പറയാനും നിലയ്ക്കു നിർത്താനും ആളില്ലാത്തതാണ് ഇവിടുത്തെ പ്രശ്നം. ഇവരെയൊക്കെ നിയമത്തിനു മുൻപിൽ കൊണ്ടുവന്നിരുന്നെങ്കിൽ–കുറെ കൊള്ളക്കാരെയെങ്കിലും അകത്താക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ആത്മീയ പ്രസ്ഥാനങ്ങളുടെ കൈവിട്ടുപോയ മാന്യത തിരിച്ചുപിടുക്കുവാൻ സാധിക്കുമായിരുന്നു. പരിശുദ്ധാത്മാവ് ഉപേക്ഷിച്ചുപോയ, ദൈവം കൈവിട്ടവർക്ക് മുന്നിൽ ഇനി ന്യായവിധിമാത്രം.

ജനമേ, ഇത് അന്ത്യകാലമാണ്. വലിയ ഒരു ന്യായവിധി മുന്നിലുണ്ടെന്നറിയുക. ദൈവത്തെ ഭയപ്പെടുക. പ്രസ്ഥാനങ്ങളെ വിട്ട് ദൈവവചനത്തിലേക്ക് തിരിയുക. വചനാനുസരണം വിശുദ്ധ ജീവിതം നയിക്കുക. ദൈവം ഇപ്പോൾ യേശുക്രിസ്തുവിനെ നമുക്ക് മാതൃകയായി നൽകിയിരിക്കുന്നു. യേശുക്രിസ്തുവിനെ നമ്മുടെ കർത്താവും രാജാവുമായി നാം അനുഗമിക്കുന്നില്ലെങ്കിൽ നമ്മളും ന്യായാധിപന്മാരുടെ പുസ്തകത്തിൽ കാണുന്ന ആ യിസ്രായേല്യരെപോലെ അവസാനിക്കും.

# നമ്മുടെ പ്രശ്നങ്ങളും ദൈവത്തിന്റെ നിർദ്ദേശങ്ങളും

ചില ഭവനങ്ങളിലേക്ക് കടന്നു ചെല്ലുമ്പോൾ നമുക്കൊരു അസ്വസ്ഥത തോന്നും. എന്നാൽ മറ്റു ചില ഭവനങ്ങളിലേക്ക് ചെന്നാൽ നമ്മുടെ സ്വന്തം വീട്ടിലേക്കു ചെന്നതുപോലെയുള്ള അനുഭവമാണ് ഉണ്ടാകുന്നത്. ഈയൊരു അനുഭവത്തെ വിശദീകരിക്കുവാൻ പ്രയാസമാണ്. എന്നാൽ നമുക്കെല്ലാം അത് അറിയാം.

ഒരു ക്രിസ്തീയ ഭവനം യേശുവിനു വസിക്കുവാൻ വളരെ താൽപര്യം തോന്നുന്ന ഒരു സ്ഥലമായിരിക്കണം. അവിടെ കാണുന്ന കാര്യങ്ങളിലെല്ലാം യേശു സന്തോഷിക്കണം. അതിന്റെ അർത്ഥം അവിടെ കാണുന്ന പുസ്തകങ്ങളും, മാസികകളും, ഭർത്താവും ഭാര്യയും തമ്മിലുള്ള സംഭാഷണവും, സംസാരിക്കുന്ന കാര്യങ്ങളും, ഫോണും, ടെലിവിഷനിൽ കാണുന്ന പരിപാടികളും അങ്ങനെ എല്ലാ കാര്യങ്ങളും യേശുവിനെ സന്തോഷിപ്പിക്കുന്നതായിരിക്കണം. പല ക്രിസ്തീയ ഭവനങ്ങളിലും വേദവാക്യങ്ങൾ ഭിത്തിയിൽ എഴുതി വച്ചിട്ടുണ്ട് എന്നാൽ അവിടെ വസിക്കുവാൻ യേശുവിനു താൽപര്യം തോന്നുന്നില്ല.



എത്ര മഹത്തായ കാര്യങ്ങൾ മുൻകൂട്ടി കണ്ടാണ് ദൈവം ആദാമിനേയും ഹവ്വയേയും കൂട്ടിച്ചേർത്തതെന്നു നിങ്ങൾക്ക് ചിന്തിക്കുവാൻ സാധിക്കുന്നുണ്ടോ? ഒരു പിതാവെന്ന നിലയിൽ എത്ര വലിയ പദ്ധതികളാണ് അവിടുന്ന് അവർക്ക് വേണ്ടി ഒരുക്കിയത്? തനിക്കു ഒന്നാം സ്ഥാനം നൽകുന്ന ഒരു ഭവനം അവർക്കുണ്ടാകുമെന്നു അവിടുന്ന് പ്രതീക്ഷിച്ചു. എന്നാൽ എത്ര വേഗമാണ് ദൈവം നിരാശനായത്. അവിടുന്ന് അവരോട് കോപിച്ചില്ല. എന്നാൽ അവിടുന്ന് ദുഃഖിച്ചു. പല ക്രിസ്തീയ ഭവനങ്ങളിലും സമാധാനമില്ലാതെ വഴക്കും പോരാട്ടവുമാണെന്നു കാണുമ്പോൾ ഇന്നും ദൈവത്തിന്റെ ഹൃദയത്തിൽ വലിയ ദുഃഖമുണ്ടെന്നാണ് ഞാൻ കരുതുന്നത്. എന്തെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ മാത്രം അവർ ദൈവത്തിങ്കലേക്കു തിരിയുന്നു. ലോകത്തിന്റെ മക്കൾ ദൈവത്തിങ്കലേക്ക് തിരിയുന്നത് എന്തെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ മാത്രമാണ്. എന്നാൽ ക്രിസ്ത്യാനികളെന്ന നിലയിൽ നാം വ്യത്യസ്തരായിരിക്കണം. ഏതെങ്കിലും പ്രയാസങ്ങളുടെ നടുവിൽ അടിയന്തിര ഘട്ടത്തിൽ വിളിക്കാനുള്ള നമ്പരായി ദൈവത്തെ കാണരുത്. ദൈവം എല്ലായ്പ്പോഴും നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമായിരിക്കണം.

ഏതൊരു ഉപകരണവും വാങ്ങുമ്പോൾ അതിന്റെകൂടെ നമുക്ക് ലഭിക്കുന്ന 'നിർമ്മാതാക്കളുടെ നിർദ്ദേശങ്ങൾ' എന്ന ലഘുപുസ്തകം പോലെതന്നെ നമുക്ക് നൽകപ്പെട്ടിരിക്കുന്നതാണ് ദൈവവചനം. നാം വാങ്ങുന്ന ഇലക്ട്രോണിക് ഉപകരണം ഉപയോഗിക്കുമ്പോൾ നിർമ്മാതാക്കളുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ നാം ശ്രദ്ധാലുക്കളാണ്. നിങ്ങളുടെ ഉപകരണത്തിന് എന്തെങ്കിലും കുഴപ്പമുണ്ടായിട്ടു അതുമായി നിർമ്മാതാക്കളെ സമീപിച്ചാൽ അവർ ആദ്യം ചോദിക്കുന്നത് 'നിങ്ങൾ നിർമ്മാതാക്കളുടെ നിർദ്ദേശങ്ങൾ' എന്ന ലഘുപുസ്തകത്തിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണോ ഉപകരണം പ്രവർത്തിപ്പിച്ചത്? എന്നായിരിക്കും. നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചില്ലെങ്കിൽ ഗാരണ്ടി തന്നെ അസാധുവായിരിക്കും എന്ന കാര്യം മിക്കവാറും എല്ലാ ഉപകരണങ്ങളുടേയും ഗാരണ്ടി കാർഡിൽ തന്നെ വ്യക്തമായി എഴുതിയിട്ടുണ്ട്.

ഇതുപോലെ ദൈവത്തിന്റെ നിർദ്ദേശങ്ങൾ അടങ്ങിയ ദൈവവചനം കൃത്യമായി പാലിക്കുന്നെങ്കിൽ നമ്മുടെ പ്രശ്നങ്ങൾ എത്രമാത്രം കുഴഞ്ഞുമറിഞ്ഞതാണെങ്കിലും അതുമായി ദൈവസന്നിധിയിലേക്ക് ചെന്നാൽ അത് ശരിയാക്കുവാൻ അവിടുന്ന് തയ്യാറാണ് എന്നതാണ് ദൈവത്തെക്കുറിച്ചുള്ള അത്ഭുതകരമായ കാര്യം. അത് ഒരു വർഷത്തേക്ക് മാത്രമുള്ള ഒരു ഗാരണ്ടിയല്ല. ജീവിതകാലം മുഴുവനുള്ളതാണ്. നിങ്ങളുടെ തകർന്ന ജീവിതവുമായി അവിടുത്തെ മുമ്പാകെ വന്നാൽ അവിടുന്ന് അത് നേരെയാക്കും. അവിടുന്ന് സ്നേഹസമ്പനായ ഒരു പിതാവാണ്. നമ്മുടെ ജീവിതത്തെക്കുറിച്ച് അവിടുത്തേക്ക് വളരെയേറെ താൽപ്പര്യമുണ്ട് എന്ന് മാത്രമല്ല, യേശു മടങ്ങിവരുന്നതുവരെ നാം സന്തോഷത്തോടെ ഇരിക്കണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു. നമ്മുടെ ഭവനത്തിലെ ഓരോ കാര്യങ്ങളും, പണം ചെലവഴിക്കുന്നതും, സമയം ചെലവഴിക്കുന്നതും അങ്ങനെ ഓരോന്നും യേശുവിനെ സന്തോഷിപ്പിക്കുന്നതാണോ എന്ന് നോക്കി തീരുമാനിക്കപ്പെടുന്നതായ ഒരു ജീവിതമാണ് ഏറ്റവും മഹത്തായ ജീവിതമെന്നു എനിക്ക് പറയുവാൻ കഴിയും.




# ശരികളിലേക്ക് ഒരു മടക്കയാത്ര



ഒരു സംഭവകഥയാണ്: ക്ലാസ് മുറിയിൽ അദ്ധ്യാപകൻ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരു ഭാഗത്ത് കുട്ടികൾ മറ്റെന്തോ പറഞ്ഞു രസിക്കുന്നു. അദ്ധ്യാപകൻ അതു കണ്ടു. പെട്ടെന്നൊരു ചോദ്യം അവരോട് ചോദിച്ചു. അവർക്കുണ്ടോ ഉത്തരം പറയാൻ കഴിയുന്നു. ഉത്തരം പറയാൻ അറിയാതെ എല്ലാവരും എഴുന്നേറ്റു നിന്നു. അവരുടെ ഇടയിലെ ഒരു കുട്ടി കൃത്യമായി ഉത്തരം പറയുകയും ചെയ്തു. താൻ പറയുന്നത് ശ്രദ്ധിക്കാതിരുന്നവരെ ശിക്ഷിക്കാതെ വയ്യ. അദ്ധ്യാപകൻ വടിയെടുത്തു. രണ്ടുമൂന്നുപേർക്ക് കൈകളിൽ അടികൊണ്ടു. ശരിയായ ഉത്തരം പറഞ്ഞകുട്ടി എഴുന്നേറ്റ് നിന്ന് കൈനീട്ടി കാണിച്ചുകൊണ്ട് പറഞ്ഞു.

സർ, എന്നെ അടിക്കണം. ഞാൻ പറഞ്ഞിട്ടാണവർ സംസാരിച്ചത്. തെറ്റ് എന്റേതാണ്. അവരെ ശിക്ഷിക്കരുത്. ആ കുട്ടിയുടെ സത്യസന്ധതയിൽ അദ്ധ്യാപകൻ അഭിമാനംകൊണ്ടു. ആ കുട്ടിയത്രേ സ്വാമിവിവേകാനന്ദൻ.

തെറ്റുകൾ അംഗീകരിക്കുകയും തുറന്നു പറയുകയും അതു തിരുത്താൻ മനസുണ്ടാകുകയും ചെയ്താൽ നാം വിജയിക്കും. തെറ്റുകളിൽ നിന്ന് ശരികളിലേക്ക് ഒരു മടക്കയാത്രയ്ക്ക് നമുക്ക് മനസുണ്ടാകുകയും വേണം.




# നിഘണ്ടുവിലെ കടല!

നമ്മുടെ പ്രിയപ്പെട്ട വിഭവങ്ങളായ കടലയേയും പരിപ്പിനേയും ഇനി ഭക്ഷണമേശയിൽ മാത്രമല്ല, ഓക്സ്ഫഡ് നിഘണ്ടുവിലും കാണാം.

ഓരോ ആറുമാസം കൂടുമ്പോഴും ഓക്സ്ഫഡ് നിഘണ്ടുവിൽ പുതിയ വാക്കുകൾ കൂട്ടിച്ചേർക്കാറുണ്ട്. ഇങ്ങനെ ഏറ്റവുമൊടുവിൽ കൂട്ടിച്ചേർത്ത 600 വാക്കുകൾക്കൊപ്പമാണ് നമ്മുടെ കടല (chana)യും, കടലപ്പരിപ്പും (chana dal) കയറിപ്പറ്റിയത്. ടെന്നിസുകളിയുമായി ബന്ധപ്പെട്ട വാക്കുകളായ bagel, forced error തുടങ്ങിയ വാക്കുകളും ഇത്തവണ ഓക്സ്ഫഡ് നിഘണ്ടുവിൽ കയറിപ്പറ്റിയിട്ടുണ്ട്.

# അമേരിക്കയിൽ മാത്സ് ഇല്ല!




തലക്കെട്ട് കണ്ട് ഞെട്ടണ്ട. അമേരിക്കക്കാർക്ക് തീർച്ചയായും കണക്കറിയാം. പക്ഷേ, അവിടെ Maths ഇല്ല, Math മാത്രമേയുള്ളു!

ഇംഗ്ലീഷിന് ഒരുപാട് വകഭേദങ്ങളുണ്ട്. വാക്കുകളിലും സ്പെല്ലിങ്ങിലും ഉച്ചാരണത്തിലുമെല്ലാം ഇവയ്ക്കിടയിൽ വ്യത്യാസമുണ്ടാവാം. പ്രധാനപ്പെട്ട രണ്ട് തരംതിരിവുകളാണ് യു.കെ (ബ്രിട്ടീഷ്) ഇംഗ്ലീഷും, യു.എസ്. (അമേരിക്കൻ) ഇംഗ്ലീഷും. ബ്രിട്ടന്റെ കീഴിലായിരുന്നതുകൊണ്ട് ഇന്ത്യയ്ക്ക് യു.കെ. ഇഗ്ലീഷിനോടാണ് ചായ്‌വ്.


രണ്ട് ഇംഗ്ലീഷും തമ്മിലുള്ള വ്യത്യാസം നെറ്റിൽ തിരയാം. നല്ല രണ്ട് പേജുകളിതാ: tinyurl.com/ukusoxford (വാക്കുകൾ), tinyurl.com/ukusspelling (സ്പെല്ലിംഗ് വ്യത്യാസം). എന്നാൽ ഇത്തരം പട്ടികകൾക്കു പുറമെ യു.എസ്. ഇംഗ്ലീഷ്-യു.കെ. ഇംഗ്ലീഷ് കൺവേർട്ടറുകളുമുണ്ട്. ഉദാഹരണത്തിന്, infoenglish.net/britishtoamericanenglish/എന്ന പേജ് സന്ദർശിച്ച് ഇടതുവശത്തുള്ള കളത്തിൽ യു.കെ. ഇംഗ്ലീഷിൽ ടൈപ്പുചെയ്തു നൽകി കൺവേർട്ട് അമർത്തിയാൽ വലതുവശത്ത് അതിന്റെ യു.എസ്. രൂപം വരും.



ഗതാഗത സംവിധാനങ്ങൾ പുരോഗമിച്ചതോടെ ഓരോരോ രാജ്യത്തെയും സമയം കണക്കാക്കുന്നതിൽ ഒരു ക്രമം വേണമെന്ന ആവശ്യമുയർന്നു. അങ്ങനെ ബ്രിട്ടൻ ഒരുപായം കണ്ടെത്തി.

ഗ്രീനിച്ച് എന്ന സ്ഥലത്തെ നക്ഷത്രബംഗ്ലാവിൽ നിന്നു തുടങ്ങി ഒരു രേഖയുള്ളതായി സങ്കല്പിച്ചു. ആദ്യ രേഖാംശരേഖ ഇതാണ്. ഈ രേഖയിൽനിന്ന് പതിനഞ്ചു ഡിഗ്രിവീതം കിഴക്കോട്ടുള്ള പ്രദേശത്ത് ഗ്രീനിച്ച് സമയത്തിൽനിന്ന് ഓരോരോ മണിക്കൂർവീതം കൂടിയിരിക്കും. ഇതേ രീതിയിൽ പടിഞ്ഞാറോട്ട് കണക്കാക്കുമ്പോൾ ഓരോ പതിനഞ്ചു ഡിഗ്രി കഴിയുമ്പോഴുള്ള പ്രദേശത്തും ഒരു മണിക്കൂർ വീതം കുറഞ്ഞുമിരിക്കും. പിന്നീട് മറ്റെല്ലാ രാജ്യങ്ങളും ഈ സമയ സംവിധാനത്തെ അംഗീകരിക്കുകയായിരുന്നു. ഗ്രീനിച്ച് മീൻ ടൈം (Greenwich Mean Time-GMT) എന്നാണ് ഇത് അറിയപ്പെടുന്നത്.

നമ്മുടെ രാജ്യത്ത് ഒറ്റ സമയമേഖലയേ ഉള്ളൂ. ഇന്ത്യൻ സ്റ്റാൻഡേർഡ് ടൈം (IST). ഗ്രീനിച്ച് സമയത്തിൽനിന്ന് അഞ്ചുമണിക്കൂർ മുപ്പതു മിനിറ്റ് കൂടുതലാണ് ഇന്ത്യയിൽ. ഗ്രീനിച്ചിൽ ഉച്ചയ്ക്ക് ഒരുമണിയാകുമ്പോൾ ഇന്ത്യയിൽ വൈകുന്നേരം ആറര മണിയായിരിക്കും. പക്ഷേ, ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലൊക്കെ അപ്പോഴേക്കും സൂര്യൻ അസ്തമിച്ചുകഴിഞ്ഞിരിക്കും. അതുകൊണ്ട് ഈ സംസ്ഥാനങ്ങളിൽ സ്കൂളും ഓഫീസുമൊക്കെ നേരത്തേ പ്രവർത്തനം നിർത്തും. ആൻഡമാൻ ദ്വീപുകളിലും ലക്ഷദ്വീപുകളിലുമൊക്കെ ഇതേ പ്രശ്നമുണ്ട്. അതുകൊണ്ട് ഇത്തരം സ്ഥലങ്ങളെ മറ്റൊരു സമയമേഖലയായി തിരിക്കാൻ ആലോചിച്ചുവരികയാണ് ഭാരത സർക്കാർ




# ചുറ്റിയാൽ പണിയായി!

അമേരിക്ക ചുറ്റിസഞ്ചരിക്കുന്ന ഒരാൾക്ക് അയാളുടെ വാച്ചിലെ സമയം ആറുതവണയെങ്കിലും ക്രമീകരിക്കേണ്ടിവരും. കാരണമെന്തെന്നോ? അമേരിക്കയിൽ ആറുസമയ മേഖലകളാണുള്ളത്. ഓരോന്നിലും അഞ്ചുമണിക്കൂർ മുതൽ പത്തുമണിക്കൂർ വരെ വ്യത്യാസവുമുണ്ട്. വാഷിംഗ്ടണിൽ പുലർച്ചെ മൂന്നുമണിയായിരിക്കുമ്പോൾ ഹവായ് സ്റ്റേറ്റിൽ രാത്രി ഒമ്പതുമണിയായിട്ടേ ഉണ്ടാകൂ. അതായത് വാഷിംഗ്ടണിൽ നിന്നും ഒരുദിവസം പുറകിൽ.




## ദിവസം തുടങ്ങുന്ന നേരം!


പണ്ടുകാലത്ത് ദിവസം തുടങ്ങുന്നത് എപ്പോഴാണ് എന്ന കാര്യത്തിലും തർക്കങ്ങളുണ്ടായിരുന്നു. ചിലർ ദിവസം തുടങ്ങുന്നത് സൂര്യൻ അസ്തമിച്ചതിനുശേഷമാണെന്നും മറ്റുചിലർ രാവിലെയാണ് ദിവസം ആരംഭിക്കുന്നതെന്നും വിശ്വസിച്ചു. 1922-ൽ ബ്രിട്ടനിൽ നടന്ന അന്താരാഷ്ട്ര ജ്യോതിശാസ്ത്ര സമ്മേളനത്തിലാണ് പാതിരാത്രി മുതൽ ദിവസം ആരംഭിക്കുന്ന ക്രമം ലോകം മുഴുവൻ നടപ്പാക്കാൻ തീരുമാനമായത്.



# വചനത്തെ ഉയർത്തുക; അതു നിന്നെ ഉയർത്തും




*അതിനെ ഉയർത്തുക, അതു നിന്നെ ഉയർത്തും; അതിനെ ആലിംഗനം ചെയ്താൽ അത് നിനക്കു മാനം വരുത്തും; അതു നിന്റെ തലയെ അലങ്കാരമാല അണിയിക്കും; അതു നിന്നെ ഒരു മഹത്വ കിരീടം ചൂടിക്കും* (സദൃ. 4:8-9).



## ജീവവചനം 2

ടി.എം. വർഗ്ഗീസ്

സ്രഷ്ടാവായ, അത്യുന്നതനായ, അനാദിയായും ശാശ്വതവാനുമായ ദൈവം, സർവ്വശക്തനും സർവ്വജ്ഞാനിയും, സർവ്വവ്യാപിയുമായ ദൈവം, താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്തവനും കാൺമാൻ കഴിയാത്തവനുമായ ദൈവത്തെക്കുറിച്ച് മനുഷ്യർക്കു വെളിപ്പെടുത്തി തന്നിരിക്കുന്നത് തിരുവെഴുത്തുകളിൽ കൂടെയും കർത്താവായ യേശുക്രിസ്തുവിലൂടെയുമാണ്. യേശു പറഞ്ഞു: എന്റെ പിതാവു സകലവും എങ്കൽ ഭരമേൽപ്പിച്ചിരിക്കുന്നു; പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തിക്കൊടുപ്പാൻ ഇച്ഛിക്കുന്നവനും അല്ലാതെ ആരും പിതാവിനെ അറിയുന്നില്ല (മത്താ. 11:27). ലോകം ഇത്രയേറെ പുരോഗമിച്ചെങ്കിലും ദൈവത്തെ അറിയേണ്ടുംവണ്ണം അറിയുന്ന കാര്യത്തിൽ മനുഷ്യർ വളരെ പിന്നിലാണെന്ന് സമ്മതിച്ചേ മതിയാവൂ.



ദൈവത്തെക്കുറിച്ച് അറിയാവുന്നത് മനുഷ്യർക്കു വിവിധ നിലയിൽ വെളിവായിരിക്കുന്നു; ദൈവം മനുഷ്യർക്കു വെളിവാക്കിയിരിക്കുന്നു. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവർത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു... അവർ ദൈവത്തെ അറിഞ്ഞിട്ടും, അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കുകയോ, നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ടു അവർ മൂഢരായിപ്പോയി; അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമാക്കി മാറ്റിക്കളഞ്ഞു (റോമർ 1:20-23). ജീവിക്കുന്ന ദൈവത്തെക്കുറിച്ച് മനുഷ്യർ അറിഞ്ഞിരുന്നുവെങ്കിൽ ഊമവിഗ്രഹങ്ങളെ ഉണ്ടാക്കി അതിന്റെ മുമ്പിൽ വണങ്ങുകയോ ആരാധിക്കുകയോ ചെയ്കയില്ല. ദൈവത്തിന്റെ മഹാത്ഭുതങ്ങൾ നേരിൽ കണ്ട ജനം, ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. അതിനു യാഗം കഴിച്ചുകൊണ്ട് യിസ്രായേലേ ഇതു നിന്നെ മിസ്രയീം ദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം ആകുന്നു എന്നു പറഞ്ഞ് അതിന്റെ മുമ്പിൽ ആരാധിക്കുന്ന ജനത്തിന്റെ അവസ്ഥ ഇതെങ്കിൽ മറ്റുള്ളവരുടെ കാര്യം പറയേണ്ടതില്ലല്ലോ.

ദൈവത്തെക്കുറിച്ചുള്ള അറിവ് പലവിധത്തിൽ നമുക്കു ദൈവം വെളിപ്പെടുത്തിതന്നിരിക്കുന്നു. നാം അധിവസിക്കുന്ന ഈ ഭൂമിയും അതിലുള്ള സകല ചരാചരങ്ങളും, വൃക്ഷസസ്യാദികളും, സൂര്യചന്ദ്രനക്ഷത്രാദികളും, ആകാശവിതാനവും, സമുദ്രവും എല്ലാം കണ്ട് ആസ്വദിക്കുന്ന മനുഷ്യൻ ഇവയെല്ലാം സൃഷ്ടിച്ച ദൈവത്തെ അറികയില്ലെന്നു പറഞ്ഞാൽ അവൻ മൃഗതുല്യനെന്നു പറയുന്നതാണു ശരി. തിരുവചനം പറയുന്നു 'ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു.... ഭൂമിയിൽ എല്ലാടവും അതിന്റെ അളവുനൂലും, ഭൂതലത്തിന്റെ അറ്റത്തോളം അതിന്റെ വചനങ്ങളും ചെല്ലുന്നു' (സങ്കീ. 19:1-4).



ഫറവോന്റെ അടിമത്വത്തിൽനിന്നും വിടുതൽ നൽകിയശേഷം തന്റെ ജനത്തോടു ദൈവം അരുളിച്ചെയ്യുന്നത്: ദൈവത്തിന്റെ കല്പനകളും, വിധികളും ചട്ടങ്ങളും പ്രമാണിച്ചു അവന്റെ വഴികളിൽ നടന്നാൽ സകലജാതികൾക്കും മീതെ നിന്നെ പുകഴ്ചക്കും, കീർത്തിക്കും, മാനത്തിനുമായി നിന്നെ ഉന്നതമാക്കുമെന്നാണ് (ആവ. 26:16-19). ദൈവത്തിന്റെ വചനം പ്രമാണിച്ചു നടക്കുന്നവർക്കു ലഭ്യമാകുന്ന അനേകം അനുഗ്രഹങ്ങൾ പറഞ്ഞശേഷം, നീ ഉയർച്ച തന്നേ പ്രാപിക്കും, താഴ്ച പ്രാപിക്കയില്ല എന്നാണ് ദൈവീക വാഗ്ദത്തം (ആവ.28:13).

ദൈവത്തിന്റെ വചനം അനുസരിച്ചതിനാൽ ദൈവം അനുഗ്രഹിച്ചുയർത്തിയ അനേകരെ നമ്മുടെ ചുറ്റുപാടും കാണുവാൻ കഴിയും. ദൈവവചനത്തെ ഉയർത്തിയതിനാൽ തങ്ങളുടെ തലമുറയേയും ദൈവം മാനിച്ചുയർത്തി. സ്വന്ത കുടുംബത്തിൽ ഒറ്റക്കായി ദൈവത്തെ സേവിപ്പാൻ ഇറങ്ങിത്തിരിച്ചവരെ ദൈവം മാനിച്ചതിനാൽ അവരിൽ കൂടെ മറ്റുള്ള കുടുംബാംഗങ്ങളും അനുഗ്രഹിക്കപ്പെട്ടതായി കാണുവാൻ കഴിയും. രാഹാബ് എന്ന ഒരു വേശ്യാസ്ത്രീ യിസ്രായേലിന്റെ ദൈവത്തിൽ വിശ്വസിച്ച് ഒറ്റുകാരെ തന്റെ ഭവനത്തിൽ ഒളിപ്പിച്ചു രക്ഷിച്ചതിനാൽ അവൾ മാത്രമല്ല അവളുടെ എല്ലാ ഭവനക്കാരും നശിക്കാതെ രക്ഷപെട്ടതായി കാണുന്നുവല്ലോ (യോശുവ. 6:23-25).

(തുടരും)

---




**പിശാച് പല തന്ത്രങ്ങളും ദൈവപൈതങ്ങൾക്കെതിരായി ഉപയോഗിക്കുന്നു. പ്രധാനപ്പെട്ട ചിലവയെക്കുറിച്ചു ചിന്തിക്കാം.**

### 1) മോഹം

"ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു" (യാക്കോ. 1:14). പിശാച് ഉപയോഗിക്കുന്ന ഒന്നാമത്തെ ആയുധമാണ് മോഹം (desire). ആഗ്രഹിക്കുക എന്നത് അതിൽത്തന്നെ അപാകതയില്ലാത്ത ഒരു സ്വഭാവസവിശേഷതയാണ്. എല്ലാവരിലും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ആഗ്രഹങ്ങളുണ്ടുതാനും. എന്നാൽ ഓരോ വ്യക്തിയുടെയും സവിശേഷ സ്വഭാവമനുസരിച്ചും ജീവിതത്തോടുള്ള കാഴ്ചപ്പാട് അനുസരിച്ചും ആഗ്രഹങ്ങളിൽ വ്യത്യാസം വരാം. എന്നാൽ ആഗ്രഹങ്ങൾ ആവശ്യബോധത്തിൽ നിന്നും ഉരുത്തിരിയേണ്ടിയിരിക്കുന്നു. സ്വയം പരിശോധനയാൽ നമ്മുടെ ആഗ്രഹങ്ങളുടെ ഉറവിടം എവിടെ നിന്നെന്നു മനസ്സിലാക്കാം. ഒരു വലിയ പങ്ക് ആഗ്രങ്ങളും ഉടലെടുക്കുന്നത് ആവശ്യബോധത്തിൽ നിന്നല്ല. അവ മോഹങ്ങളാണ്. അവയുടെ ആകർഷണത്തിൽ നാം വീണുപോയതാണ്.

ഉറങ്ങണം എന്നുള്ളത് ശാരീരികമായ ഒരു ആവശ്യം മാത്രമാകുന്നു. എന്നാൽ ഉറങ്ങുവാനുള്ള മോഹം നമ്മെ അലസതയിലേക്കു നയിച്ചാൽ അത് പാപമാകുന്നു. ഭക്ഷണം കഴിക്കേണ്ടത് ആവശ്യമാണ്, എന്നാൽ അമിത ഭക്ഷണപ്രീയരായാൽ അത് പാപമാകുന്നു. കുടുംബത്തിലധിഷ്ഠിതമായ സ്ത്രീ പുരുഷബന്ധം ദൈവത്താൽ ഉളവായതാണ്. എന്നാൽ അത് അധാർമ്മികതയിലേക്കു നയിച്ചാൽ ആ മോഹം പാപത്തെ പ്രസവിക്കുന്നു. അതായത്, ആഗ്രഹം പരിധിവിട്ട് മോഹമായി മാറുമ്പോൾ പാപമായിത്തീരുന്നു. തെറ്റായ ഒന്നിനുവേണ്ടി ആഗ്രഹിക്കുമ്പോൾ മാത്രമല്ല, ശരിയായ ഒരു കാര്യത്തിന് തെറ്റായ വഴി ഉപയോഗിക്കുമ്പോഴും അതു പാപമായിത്തീരുന്നു.

ചിലപ്പോൾ പിശാച് നമ്മുടെ മുമ്പിൽ കൊണ്ടുവരുന്നത് തെറ്റായ കാര്യമായിരിക്കയില്ല. നമ്മൾ ആഗ്രഹിക്കേണ്ടതും അഭിലഷണീയവുമായ കാര്യങ്ങൾ തന്നെയാവും നമ്മളുടെ കൺപുൻപിൽ നിരത്തിവയ്ക്കുന്നത്. എന്നാൽ അരുതാത്തവഴിയിൽ കൂടി അതു പ്രാപിച്ചെടുക്കുവാൻ അവൻ പ്രേരിപ്പിക്കും. ആ വഴി പലപ്പോഴും എളുപ്പവും ആകർഷകവുമായിരിക്കും. എന്നാൽ അതു പാപത്തിൽ അവസാനിക്കുമെന്നതിനു തർക്കമില്ല.

അതേപോലെ മോഹങ്ങൾ ജനിപ്പിക്കുമാറ് പിശാച് നമ്മെ വശീകരിക്കാൻ സാധ്യതയുണ്ട്. അതിന്റെ മൂന്നു വഴികൾ 1 യോഹ. 2:16-ൽ കാണാം. കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയാണ് അവ. ഈ മോഹങ്ങൾ എല്ലാം സ്വാർത്ഥമോഹങ്ങൾ ആണ്. റോമർ 7:19-ൽ അപ്പൊസ്തലൻ പറയുന്നത്, നന്മ ചെയ്യണമെന്നു തനിക്ക് ആഗ്രഹമുണ്ട് എങ്കിലും ഇച്ഛിക്കാത്ത തിന്മ താൻ ചെയ്യുന്നു എന്നാണ്. കാരണം, തന്നിൽ ഒരു പാപപ്രമാണം ഉള്ളതായി താൻ അറിയുന്നു (വാക്യം 21). നമ്മുടെ എല്ലാവരുടെയും ഉള്ളിൽ പിശാചിന് ഇടം കൊടുക്കാൻ തക്കവിധം അവനോട് ആഭിമുഖ്യം പുലർത്തുന്ന ഒരു തലമുണ്ട്, ആ തലത്തെ ഉണർത്തുവാൻ പിശാച് എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കും.

നമ്മുടെ ചിന്തയുടെ ഒരു തലം എപ്പോഴും നന്മയ്ക്കായുള്ള നിർദ്ദേശങ്ങൾ തരും. അതിനെ എതിർക്കുന്ന നിർദ്ദേശങ്ങളും കാരണങ്ങളുമായി ചിന്തയുടെ മറ്റൊരു ഭാഗവും ഉണർന്നു പ്രവർത്തിക്കുന്നു. വഴി തെറ്റിക്കുന്ന നിർദ്ദേശങ്ങൾ വളരെ ആകർഷകമായിരിക്കും. അത്തരം വഴികളിൽ ചരിക്കുന്നവരുടെ മാതൃകയും നമുക്കു പ്രലോഭനമായേക്കാം. പരസ്യങ്ങളിലൂടെ, സുഹൃത്തുക്കളിലൂടെ, നമ്മുടെ ചിന്തകൾക്കു ധൈര്യം ലഭിച്ചെന്നു വരാം. എന്നാൽ നാം സ്വീകരിച്ചിരിക്കുന്ന ജീവിതക്രമത്തിനടിസ്ഥാനം എന്താണ് എന്നത് നമ്മുടെ തീരുമാനത്തെ സഹായിക്കുന്നു.

ഒരു പ്രവൃത്തി ചെയ്യുവാൻ തീരുമാനിച്ചിട്ട് പ്രാർത്ഥിക്കുന്നതിലർത്ഥമില്ല. തീരുമാനിക്കുന്നതിനു മുമ്പുള്ള ചിന്താഭാരത്തിന്റെ സമയത്ത് നിരന്തരമായ പ്രാർത്ഥനയിൽ ശ്രദ്ധയോടെയിരുന്നാൽ നന്മയ്ക്കുള്ള നിർദ്ദേശങ്ങൾ ശക്തമായി മനസ്സിലുയർന്നുവരും. എന്നാൽ പലപ്പോഴും ലൗകിക ഘടകങ്ങളാൽ വശീകരിക്കപ്പെട്ട് നാം തീരുമാനങ്ങൾ കൈക്കൊള്ളുകയും അതിനു ദൈവികകൃപ ആവശ്യപ്പെടുകയുമാണ് സാധാരണ രീതി. ഇവിടെയാണ് നമുക്ക് തെറ്റുപറ്റുന്നത്.

യാക്കോബ് 4:1-ൽ അവയവങ്ങളിൽ പോരാടുന്ന ഭോഗേച്ഛകളെക്കുറിച്ച് പറയുന്നു. നമ്മുടെ അവയവങ്ങളിൽ വ്യാപരിക്കുന്ന ആ പ്രത്യേക സ്വഭാവത്തെ പിശാച് വേണ്ടുംവണ്ണം ഉപയോഗിച്ചു നമ്മെ നിരന്തരം കീഴ്പ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്

(തുടരും).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# പിന്മാറ്റം: വസ്തുതകൾ, യാഥാർത്ഥ്യങ്ങൾ

18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജോർജ്ജ് വെറ്റ്ഫീൽഡ് ലോകപ്രസിദ്ധ പ്രസംഗകനായിരുന്നു. ഇദ്ദേഹം പങ്കെടുത്ത ഒരു യോഗത്തിൽ റോബർട്ട് റോബിൻസൺ എന്ന ഒരാൾ പാപം ഏറ്റുപറഞ്ഞ്, ഉപേക്ഷിച്ച് യേശുവിനെ അവന്റെ രക്ഷകനായി സ്വീകരിച്ചു. 23-ാം വയസിൽ യേശുവിനെ കണ്ടുമുട്ടിയ റോബിൻസൺ ജനകോടികളെ ആകർഷിച്ച ഒരു പാട്ട് എഴുതുകയുണ്ടായി. ആ പാട്ടിന്റെ അർത്ഥം ഇതാണ്:

എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടമേ,

അങ്ങ് എന്റെ ഹൃദയത്തിലെ സ്തുതി കമ്പികളെ ട്യൂൺ ചെയ്ത്

നിന്റെ സ്തുതി പാടുവാൻ സഹായിക്കേണമേ.

വറ്റിപ്പോകാത്ത കൃപയുടെ നദിയേ,

നിന്നെ സ്തുതിക്കുവാൻ എന്നെ സഹായിക്കേണമേ.

എന്നാൽ പിന്നീട് നടന്നത് ദുഃഖകരമായ സംഭവങ്ങളാണ്. റോബിൻസൺ തന്നെ രക്ഷിച്ച ദൈവത്തിൽ നിന്നും അവൻ എഴുതിയ അനുഗ്രഹത്തിന്റെ നദിയിൽ നിന്നും സ്തുതിയുടെ അനുഭവത്തിൽ നിന്നും പിൻവാങ്ങി ദൂരത്തേക്ക്, അകന്നുപോയി. ചെയ്യാവുന്ന സകല പാപങ്ങളും ചെയ്ത് അധഃപതിച്ച് ശൂന്യതകൊണ്ടു നിറഞ്ഞ ജീവിതത്തിന്റെ അവകാശിയായി മാറി.



ഇങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം ഒരു വണ്ടിയിൽ ഇദ്ദേഹം യാത്ര ചെയ്യുകയായിരുന്നു. അടുത്തിരുന്ന ഒരു സ്ത്രീ ഒരു പുസ്തകം വായിച്ചു കൊണ്ടിരുന്നു. വായനയുടെ ഇടയിൽ അവർ അടുത്തിരുന്ന റോബർട്ട് റോബിൻസണിനോട് ഇപ്രകാരം പറഞ്ഞു.

ഇതാ ഞാൻ ഈ പുസ്തകത്തിൽ ഒരു കവിതയുടെ ചില വരികൾ വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. എത്ര മനോഹരമായ അർത്ഥമുള്ള വരികൾ...

റോബിൻസൺ ചോദിച്ചു: അത് ഏതാണ്, എന്നോട് ഒന്നു പറഞ്ഞാട്ടെ.

അവർ അതു വായിച്ചു കേൾപ്പിച്ചു: കർത്താവേ നിന്നിൽ നിന്നും അകന്നു പോകുവാൻ ഇതാ എന്റെ ഹൃദയം പരീക്ഷിക്കപ്പെടുന്നു.

ഇതു കേട്ട മാത്രയിൽ റോബിൻസൺ പൊട്ടിക്കരയുവാനാരംഭിച്ചു. ആ സ്ത്രീക്ക് ഒന്നും മനസിലായില്ല. അവർ ഒന്നുമറിയാതെ മിഴിച്ചിരിക്കുമ്പോൾ അല്പസമയത്തിനുശേഷം കണ്ഠമിടറിക്കൊണ്ട് റോബിൻസൺ പറഞ്ഞു.

മാഡം, ആ വരികൾ എഴുതിയത് ഞാനാണ്; നാളുകൾക്കു മുമ്പ് ആ സന്തോഷവും സമാധാനവും ഞാൻ അനുഭവിച്ചതാണ്. യേശുവിനെ ഞാൻ കണ്ടുമുട്ടിയതാണ്. അന്നു ഞാനെഴുതിയ വരികളായിരുന്നു അത്. എന്നാൽ എല്ലാം എനിക്കു നഷ്ടമായി. ആ അനുഭവം ഇന്നു തിരിച്ചു കിട്ടുവാൻ ഈ ലോകം മുഴുവൻ കൊടുക്കേണ്ടിവന്നാലും ഞാൻ സന്നദ്ധനാണ്. ആ സന്തോഷവും സമാധാനവും എനിക്കു കൈവിട്ടുപോയി; അതു തിരിച്ചു കിട്ടുവാൻ ഞാൻ ഇന്നു കൊതിക്കുന്നു....

ഏതായാലും അന്നുതന്നെ റോബിൻസൺ വീണ്ടും ദൈവത്തിന്റെ സ്നേഹത്തിലേക്കു മടങ്ങിവന്നു. ദൈവത്തെ തിരസ്കരിച്ചു ജീവിച്ചതോർത്ത് അവന് അനുതാപമുണ്ടായി. കുറ്റപ്പെടുത്തുന്ന മനഃസാക്ഷിയിൽ നിന്നും അവൻ മോചനം നേടി.

ഇവിടെ പിന്മാറ്റത്തിലേക്ക് പോകുന്ന ഒരു വിശ്വാസി ഓർത്തിരിക്കേണ്ട സുപ്രധാനമായ ഒരു വിഷയം ഉണ്ട്. അവൻ ദൈവത്തിൽനിന്ന് എത്രമാത്രം അകലെപ്പോകുന്നുവോ, തിരിച്ചു വരുവാൻ അത്രത്തോളം പ്രയാസമായിരിക്കും എന്നുള്ളതാണത്. തെറ്റിപ്പോയാലും സാരമില്ല, വേണ്ടപ്പോൾ തിരിച്ചുവരാമല്ലോ എന്ന ചിന്താഗതി വളരെ പിശകാണ്. വെളിച്ചം ലഭിച്ചശേഷം ദൈവവഴികളെ വിട്ടകന്ന് പിന്നെ തിരിച്ചുവരാമെന്ന് കരുതി പോകുന്ന ഒരുവന്, ആഗ്രഹിക്കുമ്പോൾ തിരിച്ചുവരാൻ വളരെ ബുദ്ധിമുട്ടാണ്. ചിലപ്പോൾ തിരിച്ചു ദൈവവഴികളിൽ വരണമെന്നാഗ്രഹിച്ചിട്ടും അതിനു കഴിയാത്ത അവസ്ഥയിൽ ആയ ചിലരെ കാണാൻ ഇടയായിട്ടുണ്ട്. മടങ്ങിവന്നാൽ ദൈവം പാപം ക്ഷമിക്കുകയില്ല എന്നല്ല, മടങ്ങിവരാൻ വളരെ വില ചിലപ്പോൾ കൊടുക്കേണ്ടിവരും. അതു ചിലപ്പോൾ വളരെ വേദനാജനകവും ആയിരിക്കും. ദൈവവഴികളിലേക്ക് തിരിച്ചുവരാൻ വളരെ ശ്രമിച്ചിട്ടും കാര്യങ്ങൾ ശരിയാകാതെ കുഴങ്ങുന്ന എത്രയോ പേരുണ്ട്. പാപത്തിന്റെ വഴികളിൽ മുഴുകിപ്പോയതുകൊണ്ട് അതിൽനിന്ന് തല വലിച്ചൂരി രക്ഷപെടാൻ അവർ നന്നേ പാടുപെടുകയാണ്. എന്നാൽ ഈ ഗൗരവമൊന്നും ഗ്രഹിക്കാതെയാണ് പലപ്പോഴും വളരെ ലാഘവത്തോടെ പിൻമാറ്റത്തിലേക്ക് പോകുന്നത്. അതിനാൽ, വേണ്ടപ്പോൾ തിരിച്ചുവരാമല്ലോ എന്നു കരുതി ദൈവവഴികളെ വിട്ടുമാറുന്നത് തങ്ങളുടെ ജീവിതത്തിന്റെ നല്ലൊരു ഭാഗം പാഴാക്കാൻ വഴിയൊരുക്കുകയാണെന്ന് ഓർക്കണം.

പ്രായോഗികമായി എന്തുമാത്രം തെറ്റിലേക്ക് ഇറങ്ങി എന്നതനുസരിച്ചാണ് മടങ്ങിവരവ് എളുപ്പമോ പ്രയാസമോ ആയിരിക്കുന്നത്. യേശുവിന്റെ ബാല്യത്തിൽ യെരുശലേം ദേവാലയത്തിൽ അവൻ മാതാപിതാക്കളോടൊപ്പം പോയ ഒരു സംഭവം ലൂക്കോസ് 2 ൽ വായിക്കുന്നുണ്ട്. ദേവാലയത്തിൽനിന്നും മടങ്ങിപ്പോരുമ്പോൾ ബാലനായ യേശു യെരുശലേമിൽ താമസിച്ചു. അമ്മയപ്പന്മാരോ അതറിഞ്ഞില്ല. സഹയാത്രക്കാരുടെ കൂട്ടത്തിൽ യേശുവും ഉണ്ടായിരിക്കും എന്ന് ഊഹിച്ച് അവർ ഒരു ദിവസത്തെ വഴിപോന്നു. പിന്നെ അവനെ ബന്ധുക്കളുടെയും പരിചയക്കാരുടെയും ഇടയിൽ തിരഞ്ഞു. കാണാഞ്ഞിട്ട് അവനെ അന്വേഷിച്ച് യെരുശലേമിലേക്ക് മടങ്ങിപ്പോയി. മൂന്നു നാൾ കഴിഞ്ഞശേഷം യേശു ദേവാലയത്തിൽ ഇരിക്കുന്നതു കണ്ടു എന്നും അവനെ കൂട്ടിക്കൊണ്ടുപോയി എന്നും നാം വായിക്കുന്നു. ഇവിടെ ഒരു ദിവസത്തെ വഴിപോന്നു കഴിഞ്ഞാണ് യേശുവിനെ മാതാപിതാക്കൾ തിരഞ്ഞത്. നേരത്തെ അവൻകൂടെ ഉണ്ടായിരിക്കും എന്ന് ഊഹിക്കുകയാണു ചെയ്തത്. അവർ എത്രദൂരം യെരുശലേമിൽ നിന്ന് പോന്നിരുന്നോ അത്ര ദൂരം മടങ്ങിച്ചെന്നപ്പോൾ യേശുവിനെ തിരിച്ചുകിട്ടി. ഇവിടെ അവർ ഒരു ദിവസം വഴിപോന്നിരുന്നതിനാൽ അത്രദൂരം മടങ്ങിപ്പോകേണ്ടിവന്നു. അവർ അര ദിവസം വഴിപോന്നശേഷമാണ് യേശു കൂടെ ഇല്ല എന്നു മനസ്സിലാക്കിയിരുന്നതെങ്കിൽ അര ദിവസം വഴി മടങ്ങിപ്പോയാൽ മതിയായിരുന്നു. ദേവാലയത്തിൽ നിന്നും ഇറങ്ങിയ ഉടനെ അവർ യേശു കൂടെ ഉണ്ടോ എന്ന് അന്വേഷിച്ചിരുന്നെങ്കിൽ അപ്പോൾതന്നെ യേശുവിനെ കിട്ടിയേനെ. വളരെ യാത്രയും ക്ലേശവും ഒഴിവാക്കുകയും ചെയ്യാമായിരുന്നു. ഈ പ്രമാണം നമ്മുടെ ജീവിതത്തിലും സൂക്ഷിക്കേണ്ടതാണ്. കർത്താവ് കൂടെ ഉണ്ടെന്ന് വെറുതെ ഊഹിക്കാതെ ഉറപ്പു വരുത്തി വേണം നമ്മുടെ ജീവിതയാത്ര തുടരുവാൻ. അവിടുന്ന് കൂടെയില്ല എന്ന് എത്രനേരത്തെ മനസ്സിലാക്കി അവങ്കലേക്ക് മടങ്ങിച്ചെല്ലുന്നുവോ അത്രയും എളുപ്പമാണ് കാര്യങ്ങൾ. വളരെ ദിവസം വഴിപോന്നിരുന്നാലും മടങ്ങിച്ചെല്ലുമ്പോൾ യേശുവിനെ കിട്ടുമായിരുന്നു എന്നത് വാസ്തവമാണ്. എന്നാൽ ആ ദൂരത്തിനുതക്ക ബുദ്ധിമുട്ടും ക്ലേശവും അധികമായി അവർ അനുഭവിക്കേണ്ടതായി വന്നു. അതിനാൽ എപ്പോൾ വേണമെങ്കിലും മടങ്ങിവരാം എന്നുവച്ച് യേശുവിൽ നിന്നകലുന്നത് വലിയ ബുദ്ധികേടാണ്.

പാപം ചെയ്താലും ഏറ്റുപറഞ്ഞാൽ ദൈവം ക്ഷമിക്കുമല്ലോ എന്നുള്ള ചില വിശ്വാസികളുടെ പൊതുവേയുള്ള ചിന്താഗതിയെ സംബന്ധിച്ച് ഈ സന്ദർഭത്തിൽ ചില കാര്യങ്ങൾ പറയേണ്ടിയിരിക്കുന്നു. പാപം ഏറ്റുപറഞ്ഞാൽ ദൈവം ക്ഷമിക്കുമെന്നത്, പാപം ചെയ്യാൻ പ്രേരണ നൽകുന്ന ഒരു ഘടകമായിരിക്കരുത്. 1 യോഹന്നാൻ 2:1ൽ പാപം ചെയ്യരുതെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അഥവാ പാപം ചെയ്തുപോയാൽ പരിഹാരമുണ്ട് എന്നാണ് പറഞ്ഞിരിക്കുന്നത്. പാപം ചെയ്യുവാൻ ഉള്ള ലൈസൻസ് അല്ല അത്. ഏതെങ്കിലും ഒരു വിശ്വാസി കർത്താവ് ക്ഷമിക്കുമല്ലോ എന്നു വിചാരിച്ച് പാപം ചെയ്താൽ അവന് കാര്യമായ ആത്മീയ തകരാറ് ഉണ്ടെന്നാണ് അർത്ഥം.

നാം ആരെങ്കിലും വഴിയെ നടന്നു പോകുമ്പോൾ അബദ്ധവശാൽ കാൽ തെറ്റി ഒരു ചെളിക്കുണ്ടിൽ വീഴുന്നു എന്ന് കരുതുക. നാം എന്തു ചെയ്യും? നല്ല വെള്ളംകൊണ്ട് ദേഹമെല്ലാം കഴുകി നമ്മെത്തന്നെ വെടിപ്പാക്കും. എന്നാൽ അടുത്ത ദിവസം നാം വീണ്ടും ആ വഴിയിൽ കൂടി നടന്നപോകുമ്പോൾ, വീട്ടിൽ കഴുകുവാൻ വെള്ളവും സോപ്പും ഒക്കെ ഉണ്ടല്ലോ എന്നു വിചാരിച്ച് അറിഞ്ഞുകൊണ്ട് ചെളിയിൽ ചാടുമോ? ഒരിക്കലുമില്ല. അങ്ങനെ ചാടിയാൽ ബുദ്ധിക്ക് എന്തെങ്കിലും കുഴപ്പമുണ്ടെന്ന് മറ്റുള്ളവർക്ക് ഊഹിക്കേണ്ടിവരും. വീണുപോയാൽ പരിഹാരമുണ്ടെന്നുള്ളതു ശരിയാണ്. എന്നാൽ വീഴുവാൻ പാടില്ല എന്നുള്ളതാണ് ദൈവവചനപ്രമാണം.

ഒരു ദൈവപൈതൽ പാപം ചെയ്യുമ്പോൾ ദൈവം അവനെക്കുറിച്ച് ഉദ്ദേശിച്ചിട്ടുള്ള വലിയ നന്മയുടെ പാതയിൽനിന്ന് അവൻ മാറുകയും ആ നിലയിൽ ദൈവത്തിന് തന്നെക്കുറിച്ചുള്ള ഉന്നതമായ പദ്ധതി നടപ്പിലാക്കുവാൻ തടസ്സം സൃഷ്ടിക്കുകയുമാണ് ചെയ്യുന്നത്. ഈ ലോകത്തിൽ നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ ഉന്നതമായ ഉദ്ദേശം നടപ്പിലാക്കാതിരിക്കുവാൻ തടസ്സം സൃഷ്ടിക്കുവാൻ കഴിയുന്ന ഏക വ്യക്തി നിങ്ങൾതന്നെയാണ്. വേറെ ആരു വിചാരിച്ചാലും ദൈവത്തിനു നിങ്ങളെക്കുറിച്ചുള്ള പദ്ധതിയെ താറുമാറാക്കാൻ കഴിയുന്നതല്ല.

ഉല്പത്തി പുസ്തകത്തിലെ യോസേഫിന്റെ ചരിത്രത്തിൽ, അവന്റെ സഹോദരങ്ങളും പോത്തിഫറിന്റെ ഭാര്യയും മറ്റും അവനെതിരെ വലിയ തിന്മകൾ ചെയ്തെങ്കിലും അവയെല്ലാം യോസേഫിനെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശം നിറവേറുവാൻ സഹായകമായിരിക്കുക മാത്രമാണ് ചെയ്തത്. എന്നാൽ യോസേഫ് പോത്തിഫറിന്റെ ഭാര്യയുമായി പാപം ചെയ്തിരുന്നു എങ്കിൽ അവനെക്കുറിച്ചുള്ള ദൈവിക പദ്ധതിയിൽനിന്ന് അകന്നുപോകുവാനും ദൈവോദ്ദേശം ആ നിലയിൽ അവന്റെ ജീവിതത്തിൽ നിറവേറാതിരിക്കുവാനും സാധ്യത ഉണ്ടാകുമായിരുന്നു. പാപം ചെയ്യാതെ ദൈവവഴിയിൽതന്നെ നാം ജീവിക്കേണ്ടതിന്റെ ആവശ്യകത എത്ര വലുതാണ്. അഥവാ ജീവിതത്തിൽ എവിടെയെങ്കിലും പാപം സംഭവിച്ചുപോയാൽ ഉടനടി അത് ഏറ്റുപറഞ്ഞുപേക്ഷിച്ച് മടങ്ങിവരുവാൻ നാം ശ്രദ്ധിക്കണം. ദൈവിക കാര്യപരിപാടിയിലേക്ക് നാം മടങ്ങിവന്ന് അവിടുത്തെ ഹിതപ്രകാരം, പാപത്തിൽ വീഴാതിരിക്കാൻ കർത്താവിലാശ്രയിച്ച് ജീവിക്കുകയും വേണം. ഈ അർത്ഥത്തിൽ നിങ്ങളുടെ ഭാവി നിങ്ങളുടെ കരങ്ങളിൽ തന്നെയാണെന്നു പറയാം. "ദൈവത്തെ ഭയപ്പെട്ട് വിശുദ്ധിയുടെ പാതയിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ.''

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# ഡോ. ഗോപാലകൃഷ്ണന്റെ ക്രൈസ്തവ വിരുദ്ധ പ്രഭാഷണത്തിന് ദേവി മേനോന്റെ മറുപടി



**ക്രൈസ്തവ മതവ്യാപനം തടയാനും ഹിന്ദുമതത്തിന്റെ മൂല്യങ്ങൾ സംരക്ഷിക്കുവാനും കൗരവർക്കെതിരെ പാണ്ഡവർ ആയുധമെടുത്തതുപോലെ ഹിന്ദുക്കൾ ആയുധമെടുക്കണമെന്ന ആർ. എസ്. എസ്. പ്രഭാഷകൻ ഡോ. എൻ. ഗോപാലകൃഷ്ണന്റെ പ്രസംഗത്തിന് ഹൈന്ദവ കുടുംബത്തിൽ ജനിച്ചു പിന്നീട് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ദേവി മേനോൻ (റോസ് മരിയ) നൽകിയ മറുപടി.**

ഇത് ഗോപാലകൃഷ്ണൻ എന്ന വ്യക്തിക്കുള്ള ഉത്തരങ്ങൾ ആണ്. താങ്കളുടെ ഒരു പ്രഭാഷണഭാഗം അടുത്തിടെ കേൾക്കാനിടയായി. നല്ല ചിന്താഗതിയുള്ള ഒരു മനുഷ്യനിൽ വർഗീയത വളർന്നു വന്നാൽ ചിന്തകൾ എത്രമാത്രം വികലമാവും എന്നുള്ളതിന് ഉത്തമോദാഹരണമാണ് അങ്ങയുടെ ചില പ്രഭാഷണങ്ങൾ. ഞാൻ വിശ്വസിക്കുന്ന, എന്റെ ജീവിതത്തിന്റെ വെളിച്ചമായ വിശുദ്ധ ബൈബിളിനേയും യേശുവിനെയും ആക്ഷേപിച്ച താങ്കളുടെ ചില അപക്വമായ പ്രസ്താവനകൾക്ക് എന്റെ ചെറിയ അറിവിൽ ഒരു മറുപടി മാത്രമാണിത്.

താങ്കൾ പറയുന്നുണ്ട്, 'ഹിന്ദുധർമ്മത്തെ സംരക്ഷിക്കാൻ ബൈബിളിലെ സത്യങ്ങൾ പച്ചയ്ക്ക് വിളിച്ചു പറയണ"മെന്ന് – ഇത് ശരിയാണോന്നു എനിക്കറിയില്ല, എന്നാൽ ഒരു കാര്യം ഉറപ്പാണ്, ലോകധർമ്മത്തെ സംരക്ഷിക്കാൻ വി. ബൈബിളിലെ സത്യങ്ങൾ വിളിച്ചു പറയണം. ബൈബിളിൽ ഇല്ലാത്തത് എന്തെങ്കിലും പറഞ്ഞു എന്ന് തെളിയിച്ചാൽ, ഒരാളെങ്കിലും പറഞ്ഞാൽ 'എന്ത് ശിക്ഷയും ഏറ്റുവാങ്ങാൻ തയ്യാറാണെന്ന് അങ്ങ് പറയുന്നുണ്ടല്ലോ.' ശിക്ഷ ഏറ്റുവാങ്ങേണ്ട, ഒരു നന്മ ചെയ്താൽ മതി – വി. ബൈബിളിനും ഈശോയ്ക്കും എതിരെയുള്ള ഈ അപവാദപ്രചാരണങ്ങളും തെറ്റായ വ്യാഖ്യാനങ്ങളും പറ്റുമെങ്കിൽ ഒന്ന് നിർത്തുക. താങ്കൾ തുടർന്നാലും സാരമില്ല, ഈശോയുടെ യഥാർത്ഥ വിശ്വാസികളുടെ മനസ്സിൽ നൂലിഴയുടെ ചലനം പോലും സൃഷ്ടിക്കാൻ താങ്കളുടെ ദുഷ്പ്രചരണങ്ങൾക്ക് സാധിക്കില്ല.

താങ്കൾ പറഞ്ഞു, 'സർപ്പത്തിന്റെ വിഷവും, മാടപ്രാവിന്റെ നിഷ്ക്കളങ്കതയും'–ബൈബിളിൽ എവിടെയാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നത്? മത്തായി 10:16ൽ പറഞ്ഞിരിക്കുന്നത് "നിങ്ങൾ സർപ്പങ്ങളെപോലെ വിവേകികളും പ്രാവുകളെപോലെ നിഷ്ക്കളങ്കരുമായിരിക്കുവിൻ" എന്നാണ്. വിവേകം എന്ന വാക്കിനു ബുദ്ധി എന്നാണ് എന്റെ അദ്ധ്യാപകർ പഠിപ്പിച്ചിരിക്കുന്നത്. "വിവേകം താങ്കൾ വിഷമാക്കി"–ഇത്രയും വിഷം കലർത്താൻ താങ്കളെപോലെയുള്ള വ്യക്തിത്വത്തിന് എങ്ങനെ സാധിച്ചു?

താങ്കളെ ഒന്ന് ഓർമ്മിപ്പിച്ചുകൊള്ളട്ടെ, പുത്തൻകുരിശിലെ, പുത്തൻകാവിലെ, ചാലപറമ്പിലെ ദേവിയുടെ മുന്നിൽ ഇരുന്നു അങ്ങ് പറയാൻ ആഗ്രഹിക്കേണ്ടത് എന്റെ ഈശോയുടെ വളച്ചൊടിച്ച തിരുവചന വ്യാഖ്യാനങ്ങൾ അല്ല. താങ്കൾക്ക് അവിടെ പറയാൻ ശ്രീമഹാഭാഗവതമുണ്ട്, ദേവിമാഹാത്മ്യമുണ്ട്, വേദങ്ങളും ഇതിഹാസങ്ങളും ഉപനിഷത്തുക്കളും ഒക്കെയുണ്ട്. താങ്കൾ വി. ബൈബിളിനെയും ഈശോയെയും ഇങ്ങനെ ഭയക്കുന്നത് എന്തിനാണ്? ക്രിസ്തുവിനെ സ്നേഹിച്ചുപോയാൽ ക്രിസ്ത്യാനി ആവുമോന്ന് താങ്കൾ ഭയക്കേണ്ട, ഈശോയെ സ്നേഹിച്ചാൽ നന്മ നിറഞ്ഞ ജന്മം ആവാൻ സാധിക്കും.

ഇനി, താങ്കൾ ചൂണ്ടിക്കാട്ടിയ തിരുവചനങ്ങളിലേക്ക്–വി. മത്തായി ശ്ലീഹ എഴുതിയ സുവിശേഷത്തിലെ 10–ാം അദ്ധ്യായത്തിലെ തിരുവചനങ്ങൾ ആണത്–അതിലെ ഉള്ളടക്കം: അപ്പൊസ്തലന്മാരെ അയക്കുന്നു; പീഡകളുടെ കാലം, നിർഭയം സാക്ഷ്യം നൽകുക, സമാധാനമല്ല ഭിന്നതകൾ എന്നിവയാണ്. ക്രിസ്തുശിഷ്യർ നേരിടേണ്ടി വരുന്ന വിഷമഘട്ടങ്ങളിൽ ഒന്ന് മാത്രമാണ് അത്. ജഡീകമായ ബന്ധങ്ങളെയെല്ലാം പൊട്ടിച്ചെറിഞ്ഞാലെ ആത്മീയമായി പൂർണ്ണസ്വാതന്ത്ര്യം നമുക്ക് കിട്ടുകയുള്ളൂ എന്ന് ഈശോ നമുക്ക് പറഞ്ഞുതരുന്നു. ഇവിടുത്തെ 'ഭിന്നിപ്പിക്കൽ' മാനുഷികബന്ധങ്ങളും ആത്മീയ ഉണർവ്വും തമ്മിലുള്ളതാണ്. സത്യവും അസത്യവും തമ്മിലുള്ള അകൽച്ചയാണ്.

ഈശോയെ വഴിയും സത്യവും ജീവനുമായി സ്വീകരിക്കുമ്പോൾ, ചില സാഹചര്യങ്ങളിൽ, നമ്മുടെ പ്രിയപ്പെട്ടവർക്ക് അതുൾക്കൊള്ളാൻ സാധിച്ചു എന്ന് വരില്ല. അന്ന് ക്രിസ്തുശിഷ്യരും, ഇന്ന് പല അനുയായികളും നേരിടുന്ന ഒരു കാര്യം തന്നെയാണ് അത്. നമ്മുടെ എല്ലാ ബന്ധങ്ങൾക്കും അപ്പുറമായിരിക്കണം ദൈവത്തോട് നമുക്കുള്ള സ്നേഹവും, വിശ്വാസവും, വിധേയത്വവും. അത് മടികൂടാതെ വ്യക്തമായി പറഞ്ഞു തന്ന ഗുരുവാണ് "ഈശോ മശിഹ." മത്തായി 5:9–16 ഓർത്താൽ മതി ആത്മീയതയിൽ ബലം നേടാൻ. ഇവിടെ മറ്റൊരു കാര്യംകൂടി ശ്രദ്ധിക്കേണ്ടതുണ്ട്, നമ്മുടെ വിശ്വാസത്തിനു എതിരെ നിൽക്കുന്നവരെ ഒക്കെ കൊന്നൊടുക്കാനല്ല ഈശോ പറഞ്ഞത്. സ്വന്തം കുരിശെടുത്ത് തന്നെ അനുഗമിക്കാനാണ് പറഞ്ഞുതന്നത്. വ്യക്തികൾ തമ്മിലുള്ള ഒരു യുദ്ധവും ഈശോ പറഞ്ഞുതന്നിട്ടില്ല, ആത്മീയവും ഭൗതികവുമായ തലം ഏറ്റുമുട്ടുമ്പോൾ ആത്മീയവിജയം കൈവരിക്കാൻ വേണ്ടുന്ന കാര്യങ്ങളാണ് പറഞ്ഞു തന്നിട്ടുള്ളത്. മേൽപ്പറഞ്ഞ വചനഭാഗങ്ങൾ വ്യക്തമാകാൻ അധികം പ്രയാസപ്പെടേണ്ട, ഒരാവർത്തി ആ അദ്ധ്യായം ഒന്ന് പൂർണമായി വായിച്ചാൽ മാത്രം മതി.

തന്നെ ചതിയിലൂടെ കീഴ്പെടുത്തിയ പടയാളികളെ ആക്രമിച്ച ശിഷ്യനോട്, "വാളെടുത്തവൻ വാളാൽ" എന്ന് പറഞ്ഞു ന്യായമായ പ്രത്യാക്രമണം പോലും തടഞ്ഞ ദൈവപുത്രനാണ് ഈശോമശിഹ. നിന്നെപോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം എന്നു പറഞ്ഞുതന്ന കർത്താവ്, ഒരു കരണത്തടിച്ചാൽ മറുകരണം കൂടി കാണിച്ചു കൊടുക്കണമെന്ന് ഈ ലോകത്തിനു ആദ്യമായും അവസാനമായും പറഞ്ഞുതന്ന ദൈവം.

താങ്കൾക്ക് ഈശോയുടെ ഉപദേശം അറിയാൻ ശരിയായ താൽപര്യം ഉണ്ടെങ്കിൽ വി. ബൈബിളിലെ 2 ഭാഗങ്ങൾ വെറുതെ ഒന്ന് വായിച്ചു നോക്കൂ. മത്തായി 5:38–48; ലൂക്കോ. 6:27–36 വചനഭാഗം. "തിന്മയെ നന്മ കൊണ്ട് ജയിക്കുക." ഈ ലോകത്ത് ഒരു മതഗ്രന്ഥത്തിലും നന്മ എന്താണെന്ന് ഇത്രയും ഉത്തമമായി, സുന്ദരമായി വർണ്ണിച്ചു തന്നിട്ടില്ല. അങ്ങയോടു ഒരു ചോദ്യം–ശത്രുക്കളെ സ്നേഹിക്കാനും, അധിക്ഷേപിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും വി. ബൈബിളിൽ അല്ലാതെ എവിടെയാണ് അങ്ങ് കണ്ടിരിക്കുന്നത്.

സ്രഷ്ടാവ് നല്ലവരുടെയും, ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും, നീതിമാന്മാരുടെയും നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്നതുപോലെ ശത്രുക്കളെയും മിത്രങ്ങളെയും ഒരുപോലെ സ്നേഹിക്കാൻ ഈശോ അല്ലാതെ മറ്റാരാണ് ഈ ലോകത്ത് പഠിപ്പിച്ചത്? സർ, ബൈബിൾ വചനങ്ങൾ എടുത്തു താങ്കൾ യുദ്ധത്തിനു ഇറങ്ങാൻ പഠിപ്പിക്കേണ്ട, അത് അർദ്ധരാത്രി സൂര്യനെ തപ്പാൻ ഇറങ്ങുന്ന പോലെയാവും.

വി. ബൈബിളിലൂടെ ആരും ആക്രമണകാരികളോ, തീവ്രവാദികളോ ആവില്ല. എന്നാൽ ദൈവസ്നേഹത്തിന്റെ തീക്ഷ്ണവാദികൾ ആവും. നഷ്ടങ്ങളുടെയും, വേദനകളുടെയും കൂരിരുട്ടിൽ ജീവിതം നിൽക്കുമ്പോൾ ഉദയസൂര്യന്റെ പ്രകാശം കാണാൻ 'അഹം' എന്ന ബോധത്തിൽ നിന്ന് മാറി ഹൃദയം കൊണ്ട് ബൈബിൾ വായിച്ചാൽ മതി. ഈശോയുടെ തിരുവചനങ്ങൾ ധ്യാനിച്ചാൽ കിട്ടുന്ന സമാധാനം വാക്കുകൾക്കും ചിന്തയ്ക്കും അതീതമാണ്. ബൈബിൾ ഒരു വലിയ രഹസ്യമാണ്, അറിയുന്തോറും നമ്മെ സന്തോഷിപ്പിക്കുന്ന, ഈശോമശിഹ എന്ന ദിവ്യസ്നേഹത്തെ നമുക്ക് കാണിച്ചുതരുന്ന ദൈവത്തിന്റെ വരദാനം. (തുടരും)




# ഒരു വാട്സ്ആപ് ചരിത്രം

വാട്സ്ആപ് എന്ന കമ്പനിയുടെ സഹസ്ഥാപകരാണ് ജാൻ കോം, ബ്രയൻ ആക്ടൺ എന്നീ കംപ്യൂട്ടർ വിദഗ്ധർ. അവർ രൂപകൽപ്പന ചെയ്ത വാട്സ്ആപ് എന്ന കംപ്യൂട്ടർ ആപ്ലിക്കേഷൻ സ്മാർട്ട് ഫോണുകളിലൂടെ അത്ഭുതം സൃഷ്ടിച്ചിരിക്കുകയാണ്. ഇന്റർനെറ്റ് വഴിയായി ഫോൺ വിളിക്കാനും സന്ദേശങ്ങളും ഫോട്ടോകളും വീഡിയോകളും ആയാസരഹിതമായി അയയ്ക്കാനും സഹായിക്കുന്ന വാട്സ്ആപ് ഉപയോഗിക്കുന്നവരുടെ എണ്ണം 2017 ഫെബ്രുവരിയിൽ 102 കോടിയോളമായിരുന്നു. അവരിൽ ഇന്ത്യയിൽ നിന്നുള്ളവരുടെ എണ്ണം ഇരുപതു കോടിയായിരുന്നു.

2009 ഫെബ്രുവരി 24–നായിരുന്നു കോമും ആക്ടണുംകൂടി വാട്സ്ആപ് സ്ഥാപിച്ചത്. എന്നാൽ അഞ്ചുവർഷം കഴിഞ്ഞപ്പോൾ ഫേസ്ബുക്ക് ആ കമ്പനി വിലയ്ക്കുവാങ്ങിച്ചു. അതിനു ഫേസ്ബുക്ക് കൊടുത്ത തുക എത്രയായിരുന്നെന്നോ? 1900 കോടി ഡോളർ! അങ്ങനെ അവർ ഇരുവരും അമേരിക്കയിലെ വലിയ കോടീശ്വരന്മാരുടെ പട്ടികയിൽ സ്ഥാനംപിടിച്ചു.

ഇനി അവരുടെ വ്യക്തിപരമായ കഥയിലേക്കു കടക്കട്ടെ. കോം ജനിച്ചത് യുക്രെയിനിലായിരുന്നു. എന്നാൽ 1992–ൽ കോം തന്റെ അമ്മയോടും വല്യമ്മയോടുമൊപ്പം അമേരിക്കയിലെത്തി. അന്ന് പതിനാറു വയസുണ്ടായിരുന്ന കോം സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിയാണ് അമേരിക്കയിലെ ആദ്യവർഷങ്ങൾ ചെലവഴിച്ചത്.

കംപ്യൂട്ടർ പ്രോഗ്രാമിംഗിൽ താൽപര്യമുണ്ടായിരുന്ന കോം കലിഫോർണിയയിലെ സാൻഹൊസെ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ ചേർന്നെങ്കിലും പഠനം പൂർത്തിയാക്കിയില്ല. എങ്കിൽപോലും 1999–ൽ യാഹു എന്ന കമ്പനിയിൽ ഇൻഫ്രാസ്ട്രക്ചർ എൻജിനിയറായി കോമിനു ജോലി ലഭിച്ചു.

കോം യാഹൂവിൽ ജോലിചെയ്യുമ്പോഴാണ് ബ്രയൻ ആക്ടൺ എന്ന കംപ്യൂട്ടർ വിദഗ്ധനുമായി പരിചയപ്പെടുന്നത്. സ്റ്റാൻഫർഡ് യൂണിവേഴ്സിറ്റിയിൽനിന്നു കംപ്യൂട്ടറിൽ ബിരുദം നേടിയിരുന്ന ആക്ടൺ കോമിനോടൊപ്പം കുറേ വർഷം യാഹുവിൽ ജോലി ചെയ്തു.

2007–ൽ കോമും ആക്ടണും യാഹുവിലെ ജോലി ഉപേക്ഷിച്ചു. ഒരു വർഷം നീണ്ടുനിന്ന സൗത്ത് അമേരിക്കൻ പര്യടനത്തിന് ഇറങ്ങിത്തിരിച്ചു. അവർ തിരിച്ചെത്തിയപ്പോൾ അവർ ഫേസ്ബുക്ക് എന്ന കമ്പനിയിൽ ജോലിക്ക് അപേക്ഷിച്ചു. കംപ്യൂട്ടർ പ്രോഗ്രാമിംഗിൽ പരിചയ സമ്പന്നരായിരുന്നെങ്കിലും അവർക്കു രണ്ടുപേർക്കും അവിടെ ജോലി ലഭിച്ചില്ല. ആക്ടൺ ടിറ്റർ എന്ന കമ്പനിയിലും ജോലിക്കു ശ്രമിച്ചു. പക്ഷേ ടിറ്ററും ആക്ടണു ജോലി നൽകിയില്ല.

ഫേസ്ബുക്ക് ആക്ടണ് ജോലി നിഷേധിച്ചപ്പോൾ അദ്ദേഹം ടിറ്ററിൽ ഇപ്രകാരം എഴുതി, ഫേസ്ബുക്ക് എനിക്കു ജോലി നിഷേധിച്ചു. അതിസമർത്ഥരായ കുറേ ആളുകളുമായി ബന്ധപ്പെടാനുള്ള അവസരമാണ് നഷ്ടമായത്. ജീവിതത്തിലെ അടുത്ത സാഹസപ്രവൃത്തിക്കായി കാത്തിരിക്കുന്നു.'

ഈ സാഹചര്യത്തിലാണു കോം തുടക്കമിട്ട വാട്സ്ആപ് കമ്പനിയുമായി സഹകരിക്കാൻ ആക്ടൺ തീരുമാനിച്ചത്. അവർ ഇരുവരുംകൂടി രൂപകൽപ്പന ചെയ്ത വാട്സ്ആപ് എന്ന കംപ്യൂട്ടർ ആപ്ലിക്കേഷൻ അതിവേഗം ആഗോളതലത്തിൽ അംഗീകാരം നേടി. അങ്ങനെയാണു കമ്പനി തുടങ്ങി അഞ്ചുവർഷത്തിനുള്ളിൽ വൻതുകയ്ക്ക് തങ്ങളുടെ കമ്പനി ഫേസ്ബുക്കിന് വിൽക്കാൻ സാധിച്ചത്.

ജോലി നിഷേധിച്ചവരുടെ വാതിലിൽ ആ ഭീമൻ കമ്പനി വന്നു മുട്ടിവിളിക്കുന്ന ചിത്രം ഒന്നു ഭാവന ചെയ്തു നോക്കൂ. അതാണ് യഥാർത്ഥത്തിൽ സംഭവിച്ചത്. കംപ്യൂട്ടർ രംഗത്തെ അതിസമർഥരായിരുന്നിട്ടുകൂടി ഫേസ്ബുക്കിൽ ജോലി സമ്പാദിക്കാൻ അവർക്കു സാധിച്ചില്ല. അപ്പോഴാണ് അവർ സ്വന്തം കമ്പനി സ്ഥാപിച്ചു വളർത്താൻ ഇറങ്ങിത്തിരിച്ചത്. ആ കമ്പനി അതിവേഗം വളരുന്നതു കണ്ടപ്പോൾ അത് സ്വന്തമാക്കാൻ ഫേസ്ബുക്ക് തീരുമാനിച്ചു. അങ്ങനെയാണ് കോമും ആക്ടണും നിമിഷനേരം കൊണ്ട് എന്നപോലെ അമേരിക്കയിലെ അതിസമ്പന്നരുടെ പട്ടികയിൽ സ്ഥാനം പിടിച്ചത്. കോമിന്റെയും ആക്ടണിന്റെയും വളർച്ചകാണുമ്പോൾ ഭാഗ്യംകൊണ്ടാണ് അവർ അതിവേഗം വളർന്നതെന്നു നമുക്ക് തോന്നാം. തീർച്ചയായും ഭാഗ്യത്തിന് അവരുടെ വളർച്ചയിൽ വലിയ സ്ഥാനമുണ്ട്. എന്നാൽ അങ്ങനെ ഭാഗ്യമുണ്ടാകാൻ കാരണം അവരുടെ സ്ഥിരപരിശ്രമവും കഠിനാധ്വാനവുമാണെന്നതിൽ സംശയമില്ല. പലയിടത്തും ജോലി നിഷേധിക്കപ്പെട്ടപ്പോൾ മനസുമടുത്ത് അലസരായി അവർക്കു കഴിയാമായിരുന്നു. എന്നാൽ അവർ അങ്ങനെ ചെയ്തില്ല. അതിനുപകരം തങ്ങളുടെ കഴിവുകളുപയോഗിച്ച് ജീവിക്കുന്നതിൽ വിജയം കണ്ടെത്താനാണ് അവർ ശ്രമിച്ചത്.

ജീവിതത്തിൽ പലപ്പോഴും നാം വിജയിക്കാതെ പോകുന്നെങ്കിൽ അതിന്റെ പ്രധാന കാരണം നാം അതിവേഗം പരാജയപ്പെട്ടു പിന്മാറുന്നു എന്നതാണ്. ജീവിതത്തിൽ എപ്പോഴെങ്കിലും ഒരു തിരിച്ചടി ഉണ്ടായാൽ എല്ലാം തകർന്നു എന്നാകും നാം കരുതുക. എന്നാൽ, യാഥാർഥ്യം അതല്ല. മുന്നോട്ടുപോകാനുള്ള മനഃസാന്നിധ്യവും തന്റേടവുമുള്ളവർക്കാണ് ഭാഗ്യമുണ്ടാകുക എന്നതു നാം മറക്കരുത്. കോമിന്റെയും ആക്ടണിന്റെയും കഥ അതാണ് നമ്മെ അനുസ്മരിപ്പിക്കുന്നത്.

ഭാഗ്യശാലികളായി ഈ മണ്ണിൽ ജനിക്കുന്നവർ വളരെ അപൂർവമാണ്. എന്നാൽ സ്വന്തം പരിശ്രമത്തിലൂടെ ഭാഗ്യശാലികളായി മാറുന്നവരാണ് അധികവും. അങ്ങനെയുള്ളവരുടെ ഗണത്തിൽ നമുക്കും ചേരാം.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

***ഒരു ഓൺലൈൻ മാധ്യമത്തിൽ താങ്കളുടെ പൗരോഹിത്യ പ്രതിസന്ധി എന്ന വിമർശനലേഖനം കാണുവാനിടയായി. ഇത് സത്യസന്ധമായ വിമർശനം അല്ലല്ലോ. പൗരോഹിത്യം ഇല്ലെന്നു പറയുകയും പഠിപ്പിക്കുകയും ചെയ്യുന്നവർതന്നെ പുരോഹിതന്മാരായി വിലസുന്നു എന്നതാണ് പെന്തക്കോസ്തിലെ വൈരുദ്ധ്യം. പട്ടത്വസഭകളിലേതുപോലെ പെന്തക്കോസ്തിലും പൗരോഹിത്യമുണ്ടെന്ന് എനിക്കും താങ്കൾക്കും അറിയാം. പാസ്റ്റർ എന്നാൽ പട്ടക്കാരൻ തന്നെയാണ്. വടിയും വസ്ത്രങ്ങളും ഉപയോഗിക്കുന്നില്ലാ എന്നേയുള്ളൂ. അധികാരവും ചൂഷണവും അനാത്മിക പ്രവർത്തനങ്ങളും നിങ്ങളുടെ ഇടയിൽ വർദ്ധിതമായ നിലയിൽ പ്രത്യക്ഷത്തിൽ തന്നെ കാണുവാൻ കഴിയും. ഇതൊക്കെ മറച്ചുപിടിച്ചുകൊണ്ട് പട്ടത്വ സഭകളിലേക്ക് വിരൽ ചൂണ്ടി പൗരോഹിത്യ പ്രതിസന്ധി എന്നു പറയുന്നതിൽ ഒരർത്ഥവുമില്ല. പട്ടത്വസഭകൾക്കു മാത്രമായി എന്തു പ്രതിസന്ധി.***

***-ഫാ. ജോസ് പുറമറ്റം, കോലഞ്ചേരി, എറണാകുളം***

ക്രിസ്തീയപൗരോഹിത്യം പ്രതിസന്ധി നേരിടാൻ ഉണ്ടായ സാഹചര്യത്തിലേക്കുള്ള അന്വേഷണം 'ക്രിസ്തുവിന്റെ പൗരോഹിത്യം' തേടിപ്പോകുമ്പോൾ വെളിവാകും. ആദിമസഭയിൽ ഒരു സഭാശുശ്രൂഷകനെയും 'പുരോഹിതൻ' (hiereus/sacerdos) എന്ന പേരിൽ വിളിച്ചിരുന്നില്ല. യഹൂദമതവും വിജാതീയമതങ്ങളും പിൻചെന്ന പൗരഹിത്യത്തിന്റെ വഴികൾ ആയിരുന്നില്ല ആദിമസഭയിലെ ശുശ്രൂഷാധർമ്മം. അതുകൊണ്ടുതന്നെ ആ ധർമ്മം നിർവ്വഹിച്ചവരെ 'സഭയിലെ ശ്രേഷ്ഠർ' (Elders of the Church/presbyter) എന്നാണ് വിളിച്ചിരുന്നത്.

യഹൂദമതത്തിലെ പുരോഹിത ഗോത്രമായ ലേവ്യാവംശത്തിൽ പിറക്കാത്ത യേശു താൻ ജീവിച്ചിരുന്ന കാലത്ത് ഒരിക്കലും ഒരു അനുഷ്ഠാനപുരോഹിതൻ (sacerdos) ആയിരുന്നില്ല, മാത്രമല്ല അക്കാലത്തെ പൗരോഹിത്യത്തിന്റെ ചെയ്തികളെ നിശിതമായി വിമർശിക്കുകയും ചെയ്തിട്ടുണ്ട്. ക്രിസ്തുവിന്റെ കുരിശുമരണം ത്വരിതപ്പെടുത്തിയതിൽ ഒരു പ്രധാന കാരണം പൗരോഹിത്യത്തിനും ദേവാലയത്തിനും എതിരെ അവിടുന്ന് എടുത്ത നിലപാടുകൾ ആയിരുന്നു. ദേവാലയം നശിപ്പിക്കപ്പെടുന്നതിനെക്കുറിച്ചും പൗരോഹിത്യം കപടമാകുന്നതിനെക്കുറിച്ചും അവിടുന്ന് നിരന്തരം പറഞ്ഞുകൊണ്ടിരുന്നു. ഹോശയാ ദീർഘദർശിയെ ഉദ്ധരിച്ച്, 'ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്' (മത്താ. 9:13) എന്ന് അവിടുന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു. ക്രിസ്തുവിന്റെ ആദ്യകാല അനുഗാമിയായ സ്തേഫാനോസിനെ ന്യായാസനത്തിൻ മുൻപിൽ എത്തിക്കുമ്പോൾ അദ്ദേഹത്തിന് എതിരെ നിരത്തുന്ന ഗുരുതര ആരോപണങ്ങളിലൊന്ന് 'ക്രിസ്തുവിന്റെ പേരിൽ ഇയാൾ ദേവാലയത്തിനും മതനിയമത്തിനും എതിരായി സംസാരിക്കുന്നു' (അ.പ്ര.6:13-14) എന്നതായിരുന്നു.



കൃത്യമായിപ്പറഞ്ഞാൽ ഒരു യഹൂദനായി ജനിച്ച ക്രിസ്തു ഒരു പുതിയ അനുഷ്ഠാനമതമോ, പൗരോഹിത്യമോ തുടങ്ങിവെച്ചില്ല. താൻ ജനിച്ചുവളർന്ന മതപശ്ചാത്തലത്തെ വിമർശനാത്മകമായി കണ്ട ഒരു യഹൂദനായിരുന്നു ക്രിസ്തു. ക്രിസ്തുവിനുശേഷം അപ്പൊസ്തലന്മാരും അവരുടെ യഹൂദപാരമ്പര്യം പിൻചെന്നു.

കാര്യങ്ങൾക്ക് വ്യക്തത വരുത്തേണ്ട ഒരു കാലം വരുന്നത് ക്രിസ്തീയതയെ യൂദമതം പുറന്തള്ളാൻ തുടങ്ങിയത് മുതലാണ്. ക്രിസ്തു മിശിഹായാണെന്ന അവരുടെ ഏറ്റുപറച്ചിൽ ആയിരുന്നു അതിന് കാരണമായി മാറിയത്. മതത്തിൽനിന്ന് പുറന്തള്ളപ്പെട്ട ക്രിസ്ത്യാനികൾ മതമില്ലാത്ത ഒരു ജനതയായി മാറുകയായിരുന്നു. അപ്പോഴാണ് അവർ ആദ്യ മതസ്വത്വപ്രതിസന്ധി നേരിടുന്നത്. മതം നിഷേധിക്കപ്പെടുകയും ദേവാലയവും പൗരോഹിത്യവും അനുഷ്ഠാനങ്ങളും ഇല്ലാതാവുകയും ചെയ്തപ്പോൾ ആണ് ക്രിസ്തുവിന്റെ ചൈതന്യത്തിലേക്ക് മടങ്ങേണ്ട ചിന്തകൾ അവരിൽ കൂടുതൽ തീക്ഷ്ണതയോടെ ഉടലെടുക്കുന്നത്. അതിന്റെ ആദ്യപടിയായിരുന്നു ദേവാലയം, പൗരോഹിത്യം, ബലി (അനുഷ്ഠാനം) എന്നിവയെ പുനർനിർവചിക്കുക എന്നത്. 'ശരീരത്തിന്റെ സഭാശാസ്ത്രം' (Ecclesiology of Body) വ്യാഖ്യാനിക്കുന്നതിലൂടെ ഈ ദൗത്യം വളരെ വ്യക്തമായി നിർവഹിക്കുന്നത് പൗലോസ് ആണ്. നിന്റെ ശരീരമാണ് നിന്റെ ദേവാലയം. കല്ലിലും മണ്ണിലും പണിത ആലയങ്ങൾ കാലത്തെ അതിജീവിക്കാതെ കല്ലിന്മേൽ കല്ല് ശേഷിക്കാതെ നശിപ്പിക്കപ്പെടും എന്നത് ദേവാലയം നഷ്ടപ്പെട്ട് അനുഷ്ഠാനമതത്തിന് വെളിയിലേക്ക് വന്ന ആദ്യക്രൈസ്തവരുടെ തിരിച്ചറിവായിരുന്നു. ദേവാലയമില്ലെങ്കിൽ പൗരോഹിത്യമില്ല. അനുഷ്ഠാനബലികൾ ഇല്ല.

പൗരോഹിത്യഭാഷയും അനുഷ്ഠാനപരമായ ഉപമാനങ്ങളും പിന്നീട് കടന്നുവരുന്നത് ക്രിസ്തുവിന്റെ ജീവിതത്തെ മതഭാഷയിൽ വായിച്ചെടുക്കാനായിരുന്നു. അതുകൊണ്ടുതന്നെ എബ്രായർക്കെഴുതിയ ലേഖനമടക്കം അനുഷ്ഠാനമതത്തിന്റെ ഭാഷയെ കടമെടുത്ത് ക്രിസ്തുജീവിതത്തെ വ്യാഖ്യാനിക്കുമ്പോൾ അവിടെ ഭാഷ ആലങ്കാരികമാണ്, അല്ലാതെ അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതല്ല. ദേവാലയം ശരീരമെന്നും, ബലിയെന്നാൽ പിതാവിന്റെ ഹിതം നിറവേറ്റുന്നതെന്നും, പൗരോഹിത്യമെന്നാൽ സ്വന്തം ജീവിതത്തിൽ ദൈവഹിതം നിറവേറ്റി ബലിയർപ്പകനും ബലിവസ്തുവും ഒന്നാകുന്ന ജീവിതത്യാഗമെന്നും ക്രിസ്തുജീവിതത്തെ ഉദാഹരിച്ചുകൊണ്ട് പുതിയനിയമലേഖകർ എഴുതി. അവസാനം ഇങ്ങനെയും കുറിച്ചു: എല്ലാ ക്രിസ്തുശിഷ്യരും 'പുരോഹിതജന'മാണ്, ദൈവഹിതം നിറവേറ്റി സ്വയം 'ബലി'യായി തീരേണ്ടവർ. പറഞ്ഞുവരുന്നത് പുതിയനിയമം അനുഷ്ഠാന മതപൗരോഹിത്യഭാഷ ഉപയോഗിക്കുന്നത് ക്രിസ്തുവിന്റെയും ക്രിസ്തു അനുയായികളുടെയും ജീവിതശൈലിയെ വിശദീകരിക്കാൻ വേണ്ടി ആലങ്കാരികമായാണ്. അല്ലാതെ ക്രിസ്തീയതയെ യഹൂദമതം പോലെയോ വിജാതീയ മതങ്ങൾപോലെയോ മറ്റൊരു മതമായി മാറ്റി അതിൽ പുതിയ ദേവാലയവും പുതിയ പൗരോഹിത്യവും പുതിയ അനുഷ്ഠാനങ്ങളുമെല്ലാം ആരംഭിക്കുകയായിരുന്നില്ല. അതുകൊണ്ടാണ് ആദ്യകാലത്ത് ക്രിസ്തീയതയെ 'മാർഗം', (The Way), ഒരു ജീവിതശൈലി എന്ന് വിളിച്ചത്.

സഭയുടെ തുടക്കത്തിൽ ഉണ്ടായ ആദ്യപ്രതിസന്ധിയും മതംമാറ്റവുമായി ബന്ധപ്പെട്ടതായിരുന്നു. ക്രിസ്തീയത യഹൂദസംസ്കാരത്തിന് പുറത്തേക്ക് പ്രചരിക്കാൻ തുടങ്ങിയതുമുതൽ ഏറെ അന്യമതസ്ഥർ ക്രിസ്തീയ മുന്നേറ്റത്തിന്റെ ഭാഗമായി. ഇങ്ങനെ ക്രിസ്തുവിന്റെ മുന്നേറ്റത്തിലേക്ക് എത്തിയവർ പരിച്ഛേദനകർമ്മം നടത്തി യഹൂദമതത്തിന്റെ ഭാഗമാകണമോ വേണ്ടയോ എന്ന തർക്കം അപ്പൊസ്തലന്മാരുടെ ഇടയിൽ ഉണ്ടായി. ഈ പ്രശ്നം പരിഹരിക്കാൻ ജറുസലേമിൽ വച്ച് ആദ്യത്തെ കൗൺസിൽ വിളിച്ചുചേർക്കപ്പെട്ടു. അതിൽ വെച്ചുണ്ടായ തീരുമാനമായിരുന്നു ഒരാൾ ക്രിസ്തീയ മുന്നേറ്റത്തിന്റെ ഭാഗമാകുന്നത് ഒരു മതംമാറ്റമല്ലെന്നും അതിനാൽ പരിച്ഛേദനകർമ്മം സ്വീകരിച്ച് ഒരു യഹൂദനായി തീരേണ്ടതില്ലെന്നുമുള്ളത് (അ.പ്ര. 15:1-20). ക്രിസ്തീയതയെന്നാൽ ഒരു പുതിയ അനുഷ്ഠാന മതമല്ലെന്നും സഭാശുശ്രൂഷയെന്നാൽ ഒരു പുതിയ പൗരോഹിത്യമല്ലെന്നും കൂദാശകൾ പുതിയ അനുഷ്ഠാനകർമ്മങ്ങൾ അല്ലെന്നുമുള്ള ആദ്യകാലസഭയുടെ തിരിച്ചറിവാണ് പിന്നീട് സഭയ്ക്ക് കൈമോശം വന്നുപോകുന്നത്. 'ദൈവജനം' (The Church as People of God) എന്നു വിളിക്കപ്പെട്ടിരുന്ന സഭയെ പിന്നീട് കല്ലിലും മണ്ണിലും പണിയുന്ന സ്ഥാപനവത്കൃതമായ ദേവാലയങ്ങളായി കണക്കാക്കാൻ തുടങ്ങി. അപ്പോൾ ക്രിസ്തീയതയ്ക്ക് നഷ്ടപ്പെടാൻ തുടങ്ങിയത് അതൊരു ജീവിതശൈലി(മാർഗ്ഗം)യാണെന്ന പ്രതിച്ഛായയാണ്. ക്രിസ്തീയ 'പൗരോഹിത്യം' ഒരു പൂജാരിപ്പണിയാണെന്ന് സഭാശുശ്രൂഷകരായി നിയമിതരായ ഇടയന്മാരും (Pastors) സ്വയം ചിന്തിക്കാൻ തുടങ്ങി.

'ഇടയന്മാർക്ക് ആടുകളുടെ ഗന്ധം ഉണ്ടാകണം.' ഇടയന്മാർ ആടുകളിൽനിന്ന് വേർതിരിക്കപ്പെട്ട് മാറ്റപ്പെട്ട 'പുരോഹിതൻ' ആണെന്ന പരമ്പരാഗത കാഴ്ചപ്പാടിൽ നിന്ന് മാറി അയാൾ ആടിന്റെ ചൂരറിയുന്ന 'ഇടയൻ' ആകണം എന്നത് ആദിമസഭയുടെ പിതൃധർമ്മത്തോട് (elders/presbyter) ചേർന്ന വ്യാഖ്യാനമാണ്. ഗാർഹിക കൂട്ടായ്മകൾ (സഭകൾ) ആയി രൂപപ്പെട്ട ആദിമസഭയിൽ ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ച അപ്പോസ്തലന്മാരുടെ അഭാവം ഉണ്ടായപ്പോൾ ഈ കൂട്ടായ്മകളെ നയിക്കാനായി നിയമിതരായവരാണ് ഈ ഇടയന്മാർ (1 പത്രോ. 5:1-2). യഹൂദ സിനഗോഗ് രീതിയിൽ വീടുകളിൽ (ദേവാലയങ്ങളിലല്ല) രൂപപ്പെട്ട ഈ ചെറുകൂട്ടായ്മകളെ പഠിപ്പിക്കുക, ശുശ്രൂഷിക്കുക, നയിക്കുക, അവരുടെ ഊട്ടുമേശകൂട്ടായ്മകൾക്ക് നേതൃത്വം നല്കുക എന്നീ ദൗത്യങ്ങളാണ് അവരെ ഭരമേല്പിച്ചിരുന്നത്. അതു ചെയ്യേണ്ട രീതി വിനയത്തിലും ക്രിസ്തുചൈതന്യത്തിലും ആയിരിക്കണമെന്ന് പ്രത്യേകം നിർദേശിച്ചിരുന്നു. ഉപവിപ്രവർത്തനങ്ങളിൽ വേണ്ടവിധം ശ്രദ്ധിക്കാൻ ശ്രേഷ്ഠന്മാർക്ക് കഴിയാതെ പോയപ്പോൾ ആ ദൗത്യം നിർവ്വഹിക്കാനായി പിന്നീട് 'ശുശ്രൂഷകരെ' (ഡീക്കൻസ്) നിയമിക്കുകയായിരുന്നു. ഇവരെല്ലാവരും കുടുംബജീവിതം നയിക്കുന്നവരായിരുന്നു. ഒരു പൊതുവിടം എന്ന നിലയിൽ മാത്രം ദേവാലയത്തിൽ നിന്ന് പുറത്താക്കപ്പെടുവോളം ദേവാലയ അങ്കണത്തിൽ ഒരുമിച്ചു കൂടുകയും, ശേഷം വീടുകൾ തോറും അപ്പംമുറിക്കൽശുശ്രൂഷയിൽ ഏർപ്പെടുകയും ചെയ്തിരുന്നു. അവരുടെ ജീവിതശൈലിയിൽ നിന്നാണ് അവർ ക്രിസ്തു ശിഷ്യരെന്ന് മറ്റുള്ളവർ മനസ്സിലാക്കിയിരുന്നത് (അ. പ്ര. 2:45-47).



കാലം പോകെ ക്രിസ്തീയത റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമാകുകയും (ജീവിതശൈലിയല്ല), എല്ലാ ഭൗതികസമൃദ്ധിയും അതിനോടൊപ്പം വന്നുചേരുകയും ചെയ്തപ്പോൾ ക്രിസ്തുവിന്റെ സഭ ജീർണതയുടെ വഴിയിലേക്ക് കടക്കുകയായിരുന്നു. മതമെന്ന വ്യാഖ്യാനത്തിൽ ഒരു അനുഷ്ഠാനമതത്തിന്റെ എല്ലാ രൂപഭാവങ്ങളും അതിന് കൈവന്നു. കൂദാശകൾ മത അനുഷ്ഠാനങ്ങൾ ആയി മാറാൻ തുടങ്ങി. മതത്തെ ഭരിക്കാൻ കണിശതയുള്ള ആരാധന ക്രമങ്ങളും കാനോനിക നിയമങ്ങളും വന്നുചേർന്നു, ഗാർഹിക കൂട്ടായ്മകൾ അപ്രത്യക്ഷമാകുകയും ദേവാലയങ്ങളിൽ ക്രിസ്തീയത ചേക്കേറുകയും ചെയ്തു. ഭൗതികതയും അധികാരവും ഒരുമിച്ചപ്പോൾ അത് ഏറ്റവും കൂടുതൽ ബാധിച്ചത് സഭാശുശ്രൂഷകരെയാണ്. പൗരോഹിത്യം ക്രിസ്തുവിനോളം ഉയർത്തപ്പെടുകയും രാജകീയമാകുകയും, ഭരിക്കുക, അനുഷ്ഠാനപരമായി ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിലെ മധ്യവർത്തിയാകുക എന്ന നിലകളിലേക്ക് ചുവടുമാറുകയും ചെയ്തു. മധ്യകാലഘട്ടം പൗരോഹിത്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും അപചയം നിറഞ്ഞ കാലമായി. വിജാതീയ അധികാരശ്രേണിയിൽ അവർ വിശ്വാസികൾക്ക് മേലായി സ്ഥാനം ഉറപ്പിച്ചു. പൗരോഹിത്യം ചോദ്യം ചെയ്യപ്പെടാൻ കഴിയാത്ത ഒരു അധികാരസ്ഥാനമായി. ദൈവജനത്തിന്റെ പാദം കഴുകുവാൻ ആവുവോളം താഴേണ്ട ശുശ്രൂഷയും ഒരു അധികാരപ്രശ്നമായി മാറി. ദൈവത്തിനും മനുഷ്യനും ഇടയിൽ നമുക്ക് ഏക മധ്യസ്ഥനേയുള്ളൂ-യേശുക്രിസ്തു എന്നു പറഞ്ഞ ആദിമസഭയുടെ ശുശ്രൂഷകരിൽനിന്ന് ദൈവത്തിനും മനുഷ്യനും ഇടയിൽ അകലങ്ങൾ തീർത്ത് ആ അകലങ്ങളിൽ അവർ മദ്ധ്യസ്ഥസ്ഥാനം ഉറപ്പിച്ചു. ഇതുതന്നെയാണ് യഥാർത്ഥ പൗരോഹിത്യ പ്രതിസന്ധി.

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com

# VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 150/-

Postal Registered No : KL/MVK/184/2015-2017
Post without prepayment
License No : KL/CR/MVK/WPP-04/2015-2017
Posted on 15, 16 October 2017
at RMS Kayamkulam
Published on Ist October 2017
RNI Registered No. KERMAL/2002/7361

പൊളിച്ചെഴുത്ത്

## ബാബു ചെറിയാന്റെ മരക്കുരിശ്




മിഷൻ ഹോസ്പിറ്റലിലെ രോഗികളുടെ മുറിയിൽ സ്ഥാപിച്ചിരിക്കുന്ന തടിയിൽ കൊത്തിയുണ്ടാക്കിയ ക്രൂശിത രൂപത്തിന് ശക്തിയുണ്ടെന്നും അതിനെ നിഷേധിച്ച ഒരാളുടെ കുഞ്ഞിന്റെ കാഴ്ചശക്തി നഷ്ടപ്പെട്ടെന്നും പാസ്റ്റർ ബാബു ചെറിയാൻ പറയുന്നു. ദൈവത്തോട് കളിക്കരുതെന്ന മുന്നറിയിപ്പും അദ്ദേഹം നൽകുന്നു. തുടക്കത്തിൽതന്നെ ബാബു ചെറിയാന്റെ ഈ പ്രസംഗം വേദാഭിമാനിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ഇപ്പോഴും ഈ വീഡിയോ വലിയൊരു സംഭവമായി സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുന്നതിനാലാണ് ഞങ്ങൾക്ക് പ്രതികരിക്കേണ്ടിവന്നത്.




കുരിശുരൂപം നിഷേധിച്ചതാര്? ഏതാശുപത്രിയിലാണ് സംഭവം നടന്നത്? കുരിശുരൂപത്തിന് ശക്തിയുണ്ടോ? ഉണ്ടെങ്കിൽ അതിനെ വന്ദിക്കുന്നതിൽ എന്താണു തെറ്റ്? പിതാവ് ചെയ്ത തെറ്റിന് കുഞ്ഞിനെ ശിക്ഷിച്ചതെന്തിന്? പ്രസവത്തിനു മുമ്പാണോ ശേഷമാണോ കുഞ്ഞിന്റെ കണ്ണ് ദൈവം കുത്തിപ്പൊട്ടിച്ചത്? തുടങ്ങിയ ചോദ്യങ്ങളൊന്നും വേദാഭിമാനി ചോദിക്കുന്നില്ല. കാരണം താങ്കൾ പറഞ്ഞത് വെറും ഒരു പൊട്ടക്കഥയാണെന്ന് ഞങ്ങൾക്കറിയാം. താങ്കൾ ഇതിനു മുമ്പും ഇതുപോലെയുള്ള കഥകൾ പറഞ്ഞിട്ടുണ്ടല്ലോ. കുരിശുരൂപത്തെ സ്വീകരിക്കുന്നതും ദൈവത്തെ ഹൃദയത്തിൽ സ്വീകരിക്കുന്നതും തമ്മിൽ ബന്ധപ്പെടുത്തുന്നതിലെ അപകടം ഞങ്ങൾ തിരിച്ചറിയുന്നു.


ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്ന മരരൂപത്തിന് ശക്തിയുണ്ടെന്നും അത് ദൈവമാണെന്നും അതിനെ നിഷേധിച്ചാൽ ദൈവം പ്രതികാരം ചെയ്യും എന്നാണ് പാസ്റ്റർ ബാബു ചെറിയാന്റെ പ്രസംഗം കേൾക്കുന്ന സാധാരണക്കാരായ മനുഷ്യർ മനസിലാക്കുന്നത്. ദൈവത്തോട് കളിയ്ക്കരുത് എന്നു പറയുമ്പോൾ ആ ഭാഷയിൽ വെളിപ്പെടുന്ന ദൈവം ഗുണ്ടയോ, ഗുസ്തിക്കാരനോ ആരാണ്?

ജനത്തെ ആകർഷിക്കാൻ മെനഞ്ഞുണ്ടാക്കിയ കഥകൾ അനുഭവകഥകളാക്കി വചനത്തോടു ബന്ധപ്പെടുത്തി നടത്തുന്ന വഞ്ചന പാസ്റ്റർ ബാബു ചെറിയാൻ അവസാനിപ്പിക്കണം. വിഗ്രഹത്തെ കൂട്ടുപിടിച്ചല്ല ദൈവത്തിന്റെ ശക്തി വെളിപ്പെടുത്തേണ്ടത്. അന്നും ഇന്നും ദൈവത്തെ നിഷേധിച്ചവരും, ആക്ഷേപിച്ചവരും, അപവാദങ്ങൾ പ്രചരിപ്പിച്ചവരും പോരാടിയവരും മരണംവരെ ശക്തന്മാരായിതന്നെയാണ് നിലകൊണ്ടിട്ടുള്ളത്. നീഷേ മുതൽ കോവൂർ, ഇടമറുക് തുടങ്ങിയ ആരുടേയും കണ്ണിനും കാലിനും ഒരു കുഴപ്പവുമുണ്ടായിരുന്നില്ല. താങ്കൾ പറയുന്നതുപോലെ സംഭവിക്കുമായിരുന്നെങ്കിൽ താങ്കൾ ഉൾപ്പെട്ടു നിൽക്കുന്ന പ്രസ്ഥാനങ്ങളിലെ നേതാക്കന്മാരുടെ കണ്ണ് ആദ്യം അടിച്ചുപോയേനേ. ദൈവത്തോടു മത്സരിക്കുന്നവരെ അന്ധരാക്കുന്ന, ബലഹീനരാക്കുന്ന, തകർത്തുകളയുന്ന ഒരു ദൈവത്തെ പുതിയനിയമ വെളിച്ചത്തിൽ ചൂണ്ടിക്കാണിക്കാൻ താങ്കൾ ശ്രമിക്കരുത്. പൊതുസമൂഹം അർഹിക്കുന്ന അവജ്ഞയോടെ ആ ദൈവത്തെ തള്ളിക്കളയും, പാപിയെ സ്നേഹിക്കുന്ന, പാപിയെ രക്ഷിക്കുന്ന ദൈവത്തെക്കുറിച്ച് വചനത്തിന്റെ അതിർത്തിക്കുള്ളിൽ നിന്ന് പ്രസംഗിക്കുവാൻ പാസ്റ്റർ ബാബു ചെറിയാൻ ഇനിയെങ്കിലും ശ്രദ്ധിക്കണം. കഥ വേണ്ട, കാര്യം മതിയെന്നു സാരം.




## മർത്ത്യമായ സൗഭാഗ്യം

കഠോപനിഷത്തിൽ നചികേതസും യമനും തമ്മിൽ സംവാദത്തിൽ ഏർപ്പെടുന്ന ഒരു രംഗമുണ്ട്. മരണത്തിന്റെ രഹസ്യമൊഴിച്ച് ഭൂമിയിലെ സർവ്വ സമ്പത്തും സൗഭാഗ്യങ്ങളും ആഹ്ലാദങ്ങളും യമൻ നചികേതസിനു വാഗ്ദാനം ചെയ്യുന്നു. എന്നാൽ നചികേതസ് തിരിച്ചൊരു ചോദ്യത്തിലൂടെ യമന്റെ വാഗ്ദാനങ്ങളെ നിരസിക്കുകയാണ്. മരണത്തിന്റെ മുഖം ഇത്രയേറെ അടുത്തുവന്നു നിൽക്കുമ്പോൾ മർത്യനായ മനുഷ്യനെങ്ങനെ ഈ സമ്പത്തും സൗഭാഗ്യങ്ങളും ആസ്വദിക്കാൻ സാധിക്കും? ഭൂമിയിലെ അനുഗ്രഹവും സമൃദ്ധിയും പ്രസംഗിക്കുന്നവർക്ക് നചികേതസിന്റെ വിവരവും ബോധവും എങ്കിലും ഉണ്ടായിരുന്നെങ്കിൽ.



## ഡയ്‌ലോഗ്
ടൈറ്റസ് കാർത്തികപ്പള്ളി

☺ കുരിശു രൂപത്തിന് ശക്തിയുണ്ടെന്ന് നിങ്ങളുടെ ഒരു പാസ്റ്റർ തെളിവു സഹിതം സമർത്ഥിക്കുന്നു. ക്രൂശിതരൂപത്തോടുള്ള കളികൾ ഇനിയെങ്കിലും അവസാനിപ്പിക്കുമോ.

തോമസ് ഈശോ, കങ്ങഴ, ഇടയപ്പാറ, കോട്ടയം

☹ **എന്റെ പാസ്റ്റർ യേശുവാണ്. ക്രൂശിനല്ല, കർത്താവിനാണ് ശക്തി എന്നാണ് അവിടുന്ന് സമർത്ഥിച്ചത്.**

☺ ഇന്നത്തെ കാലത്ത് ജീവിക്കാൻ സഹനശക്തിയാണോ മനശക്തിയാണോ മനുഷ്യന് അഭികാമ്യം.

സാലി ഉമ്മൻ, പൂവം, പള്ളിവയൽ, കണ്ണൂർ

☹ **ആത്മശക്തിയാലുള്ള പ്രഹരശക്തി തന്നെ വേണം.**

☺ ഇന്ന് രണ്ടോ മൂന്നോ പേർ ദൈവത്തിന്റെ പേരിൽ കൂടുന്നിടത്തൊക്കെയും...

ലില്ലി ജോൺ, മഠത്തിക്കോണം, കട്ടാക്കട, തിരുവനന്തപുരം

☹ **അടിപിടിയും ബഹളവും പണസമ്പാദനവും അധാർമ്മികതയും ഉണ്ട്.**

☺ പാപം ചെയ്യാതെ ജീവിക്കുവാൻ ആർക്കും താൽപര്യമില്ലേ.

ജോയ്സ് ഫിന്നി, ചെറുകോട്, മുളയറ, തിരുവനന്തപുരം

☹ **ആരും അറിയരുതെന്നു മാത്രമേയുള്ളു.**

☺ ഡോക്ടർക്ക് രോഗം പിടിപെട്ടാൽ.

ലാലി ഫിലിപ്പ്, മാവില, ഇരുമ്പ, അരുവിക്കര

☹ **രോഗികളുടെ വിഷമം മനസിലാകും.**

☺ ചിന്തകൾക്ക് ചിറകുമുളച്ചാൽ ആദ്യം പറക്കുന്നത് എങ്ങോട്ടായിരിക്കും.

പ്രശാന്ത് മോഹൻ, മാമങ്കലം, പാലാരിവട്ടം, കൊച്ചി

☹ **നിരോധിത ഇടങ്ങളിലെ കാണാപ്പുറങ്ങൾ തേടി.**

☺ ആത്മീയ നേതാക്കൾ മനസിൽ കരുതേണ്ട ആപ്തവാക്യം.

നിമ്മി ജെയിസൺ, ചേന്നമംഗലം, പറവൂർ, എറണാകുളം

☹ **ലോകം മുഴുവൻ നേടിയാലും മാനസാന്തരപ്പെട്ടില്ലെങ്കിൽ നശിച്ച് നരകത്തിൽ പോകും എന്നതുതന്നെ.**

## മൊബൈൽ ഫോൺ

പണ്ടൊക്കെ ഒരു വീട്ടിൽ ചെന്നാൽ ഇരിക്ക് കാപ്പിയെടുക്കട്ടെ എന്നാണ് പറഞ്ഞിരുന്നത്. അതു പോയിട്ട് ഇപ്പോൾ ചേർന്നിരിക്ക് ഒരു സെൽഫി എടുക്കട്ടെ എന്നായി.

അന്ന്, എഴുന്നേറ്റു നിൽക്കുകയും മടക്കിക്കുത്തിയ മുണ്ട് അഴിച്ചിട്ടുമൊക്കെയാണ് മുതിർന്നവരെ ബഹുമാനിച്ചിരുന്നത്. ഇന്ന് ഇയർഫോൺ ഊരിയും മൊബൈൽ ഡിസ്പ്ലേ ഓഫാക്കിയുമാണ് മുതിർന്നവരോട് ബഹുമാനം കാണിക്കുന്നത്.


മൊബൈൽ ഫോൺ വന്നതോടെ വാച്ചിന്റെ കഥ കഴിഞ്ഞു. റേഡിയോയുടെ കഥകഴിഞ്ഞു. എഴുത്തുകുത്തുകളുടെ കഥകഴിഞ്ഞു. ഇനി പാസ്റ്ററുടെ മൊബൈൽ ഫോൺ ഭാര്യയുടെയോ വിശ്വാസികളുടെയോ കൈയിൽ കിട്ടിയാലോ. കഥകഴിഞ്ഞതുതന്നെ.



## ഗുഡ്ന്യൂസും ബാഡ് ന്യൂസും



ഞായറാഴ്ച പ്രസംഗം അവസാനിപ്പിച്ചുകൊണ്ട് വികാരിയച്ചൻ പറഞ്ഞു. ഇനി നിങ്ങളോട് ഒരു ബാഡ്ന്യൂസ് പറയാനുണ്ട്. നമ്മുടെ പള്ളിയുടെ മേൽക്കൂര മുഴുവൻ ചോർന്നൊലിക്കുന്നു. മഴ ശക്തമാകുന്നതിനുമുമ്പ് റിപ്പയർ ചെയ്യണം 15 ലക്ഷം രൂപയാകും. ഇതാണ് ബാഡ്ന്യൂസ്. പക്ഷെ, ഇതാ ഒരു ഗുഡ്ന്യൂസ്. ഈ തുക ഇവിടെ നമ്മുടെ പക്കലുണ്ട്. ഇതിലെ ബാഡ്ന്യൂസ് എന്താണെന്നു ചോദിച്ചാൽ ഈ തുക ഇവിടെ ഉണ്ടെങ്കിലും അത് പള്ളിയുടെ ഭണ്ഡാരത്തിലോ ബാങ്ക് അക്കൗണ്ടിലോ അല്ല കിടക്കുന്നത്. നിങ്ങളുടെ കീശയിലാണ്.




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew